14
2026
നവംബർ
ശനി
തുലാം 28


NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 211 Page 4, 2shAn Price: Rs. പുസ്തകം-7 ലക്കം-211 പേജ് 4. വില 2.00 രൂപ



02 കഴിഞ്ഞ വർഷം എക്സൈസ് രജിസ്റ്റർ ചെയ്തത് 12,568 ലഹരിക്കേസുകൾ

03 ബസ് ചാർജ് വർധനവിലും വിദ്യാർഥി കൺസെഷനിലും നിലപാട് വ്യക്തമാക്കി സർക്കാർ

04 ഓട്ടോഡ്രൈവറെ കൊന്ന് കുഴിച്ചുമൂടി; ഒന്നാം പ്രതിക്ക് ജീവപര്യന്തം

തിരുവനന്തപുരം ചാലയിൽ വൻ സ്വർണ കവർച്ച

തിരുവനന്തപുരം: തിരുവനന്തപുരം ചാലയിൽ വൻ സ്വർണ കവർച്ച. ചാലയിലെ വൈഷ്ണവി ജ്വല്ലറി ഉടമയിൽ നിന്നാണ് സ്വർണം കവർന്നത്. കട അടച്ച ശേഷം സ്വർണവുമായി വലിയ ശാലയിലുള്ള വീട്ടിലേക്ക് പോകുമ്പോഴായിരുന്നു മോഷണം. 100 പവൻ കവർന്നതായാണ് പരാതി. ബൈക്കിൽ വന്ന രണ്ട് പേരാണ് സ്വർണം തട്ടിയെടുത്തത്.

ഇന്നലെ രാത്രിയാണ് സംഭവം. ജ്വല്ലറി ഉടമയുടെ കയ്യിൽ നിന്ന് മോഷ്ടാക്കൾ സ്വർണമടങ്ങിയ ബാഗ് തട്ടിയെടുക്കുകയായിരുന്നു. ഉടമയെ കുറിച്ച് കൃത്യമായ ധാരണയുള്ളവരാണ് ഇതിനുപിന്നിലെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.



അർധരാത്രിയിൽ ചാലയിൽ നടന്ന സ്വർണക്കവർച്ചയിൽ ഞെട്ടിയിരിക്കുകയാണ് തിരുവനന്തപുരം നഗരം. 30 വർഷമായി ചാലയിൽ കച്ചവടം നടത്തുന്ന മഹാരാഷ്ട്ര സ്വദേശി നന്ദകുമാറിൽ നിന്നാണ് സ്വർണം കവർന്നത്. ചാലയിലെ കടയടച്ച ശേഷം രാത്രി പത്തരയ്ക്ക് വീട്ടിലേക്ക് സ്കൂട്ടറിൽ മടങ്ങും വഴിയാണ് ബുള്ളറ്റുകളിലെത്തിയവർ സ്വർണം കവർന്നത്.

രണ്ട് കിലോ സ്വർണമാണ് ചെറിയ പോളിത്തീൻ ബാഗിലാക്കി നന്ദകുമാർ സൂക്ഷിച്ചിരുന്നത്. എന്നും വൈകിട്ട് ഇതേസമയം കടയടച്ചു പോകുന്നതാണ് രീതിയെങ്കിലും ഇത് ആദ്യമായിട്ടാണ് കവർച്ച നേരിടുന്നത്. തൊട്ടടുത്തുണ്ടായിരുന്ന പൊലീസുകാരോട് ആ സമയം പറയുകയും പോലീസുകാർ മോഷ്ടാക്കളെ പിന്തുടർന്ന് ഒരു വണ്ടി പിടിക്കുകയും ചെയ്തു. എന്നാൽ പോലീസ് പിടിച്ച വണ്ടി ആയിരുന്നില്ല മോഷ്ടാക്കളുടേത്. നന്ദകുമാറിന്റെ മകൻ വിനോദും കടയിൽ ഉണ്ടാകാറുണ്ടായിരുന്നെങ്കിലും ഇന്നലെ ഇരുവരും പ്രത്യേകമാണ് വീട്ടിലേക്ക് മടങ്ങിയത്.

ചെറിയ സ്വർണക്കടകൾ ധാരാളമുള്ള വ്യാപാര കേന്ദ്രമാണ് ചാല. പഴയ സ്വർണങ്ങൾ ശേഖരിച്ച് ശുദ്ധീകരിച്ചു കൊടുക്കുന്നതാണ് മിക്കവരുടെയും ബിസിനസ്. ഇതേ രീതിയാണ് നന്ദകുമാറും പിന്തുടരുന്നത്. വീട്ടിൽ സജ്ജീകരിച്ചിരിക്കുന്ന സ്വർണശുദ്ധീകരണ കേന്ദ്രത്തിലാണ് സ്വർണ ശുദ്ധമാക്കുന്നത്. അതുകൊണ്ടാണ് സ്വർണക്കടയിലുള്ള സ്വർണം വീട്ടിലേക്ക് കൊണ്ടുപോയത്.

സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് പ്രതികളെ പോലീസ് തേടുന്നത്. രണ്ട് ബുള്ളറ്റുകളിലാണ് പ്രതികൾ എത്തിയതെന്ന് ഏറെക്കുറെ ഉറപ്പിച്ചിട്ടുണ്ട്. ഇവരെ മുൻകൂട്ടി അറിയാവുന്നവരാണോ കവർച്ചയ്ക്ക് പിന്നിൽ നിന്നും സംശയമുണ്ട്. നന്ദകുമാർ സ്ഥിരം യാത്ര ചെയ്യുന്ന സമയവും മനസ്സിലാക്കിയാണ് കവർച്ച നടത്തിയിരിക്കുന്നത്. നന്ദകുമാറിന്റെ നീക്കങ്ങൾ മോഷ്ടാക്കളെ മറ്റാരെങ്കിലും അറിയിച്ചു എന്നും പോലീസ് സംശയിക്കുന്നു. ഫോർട്ട് പോലീസ് ആണ് കേസ് അന്വേഷിക്കുന്നത്.



പട്ടം എസ് യു ടി ആശുപത്രിയിൽ ലോക ക്വാളിറ്റി ദിനം ആചരിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ ലോക ക്വാളിറ്റി ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

ആരോഗ്യപരിചരണ രംഗത്ത് ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിൽ ഓരോ ജീവനക്കാരനും നിർണായക പങ്കുണ്ടെന്ന സന്ദേശം ഉയർത്തിപ്പിടിച്ചായിരുന്നു പരിപാടി. ആശുപത്രി മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്തു. ആശുപത്രിയിലെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിന്റെ ഭാഗമായി ഗുണനിലവാരവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജീവനക്കാരുടെ അറിവും അവബോധവും വർധിപ്പിക്കുന്നതിനായി ക്വിസ് മത്സരവും സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ജീവനക്കാർ മത്സരത്തിൽ പങ്കെടുത്തു.

ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ രാജശേഖരൻ നായർ (ഒബ്സ്റ്റട്രിക്സ് അന്റ് ഗൈനക്കോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റും), ഡോ ഉണ്ണികൃഷ്ണൻ (സീനിയർ വസ്കുലർ സർജൻ), ചീഫ് ലെയ്സ ഓഫീസർ രാധാകൃഷ്ണൻ നായർ, ക്വാളിറ്റി മാനേജർ ബിന്ദു കൃഷ്ണ, നഴ്സിംഗ് സൂപ്രണ്ട് റെയ്ച്ചലമ്മ ജേക്കബ് എന്നിവർ പരിപാടിയിൽ സിഹിതരായിരുന്നു. രോഗികൾക്ക് സുരക്ഷിതവും ഫലപ്രദവും രോഗീസൗഹൃദവുമായ ചികിത്സ ഉറപ്പാക്കുന്നതിന് കൂട്ടായ പ്രവർത്തനവും ഗുണനിലവാരം നിലനിർത്തുന്നതും അനിവാര്യമാണെന്ന സന്ദേശമാണ് ദിനാചരണം നൽകിയത്.

ജുഡിഷ്യറി അഴിമതിക്കെതിരെ പടവാളെടുത്ത ജസ്റ്റിസ് കർണൻ അന്തരിച്ചു

ചെന്നൈ: ജസ്റ്റിസ് സി. എസ്. കർണൻ(71) അന്തരിച്ചു. ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ജഡ്ജിയായിരിക്കെ കോടതിയലക്ഷ്യത്തിന് തടവുശിക്ഷ നേരിടേണ്ടി വന്ന ആദ്യ വ്യക്തിയാണ് ചിന്നുസ്വാമി സ്വാമി നാഥൻ കർണൻ.

1955 ജൂൺ 12ന് തമിഴ്നാട്ടിലെ ഗൂഡല്ലൂർ ജില്ലയിലെ കർനാതം എന്ന ഗ്രാമത്തിലാണ് ജനനം. വിദ്യാസമ്പന്നമായ കുടുംബത്തിൽ ജനിച്ച ജസ്റ്റിസ് കർണൻറെ പിതാവ് അധ്യാപന മികവിന് പ്രസിഡൻറിൻറെ പക്കൽ നിന്ന് അവാർഡ് നേടിയ വ്യക്തിയാണ്. അമ്മ കമലം അമ്മാൾ ഗൃഹനാഥയും.

ഗൂഡല്ലൂരിലെ തന്നെ മംഗലംപേട്ട് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസവും വിരുന്ധാചലം ആർട്സ് കോളേജിൽ പ്രീ ഡിഗ്രി വിദ്യാഭ്യാസവും പൂർത്തിയാക്കിയ കർണൻ ഡിഗ്രി വിദ്യാഭ്യാസത്തിനായി ചെന്നൈയിലേക്ക് കുടിയേറി. തുടർന്ന് മദ്രാസ് ലോ സ്കൂളിൽ ചേർന്ന അദ്ദേഹം 1983ൽ നിയമവിദ്യാഭ്യാസം പൂർത്തിയാക്കി.



പിന്നീട് തമിഴ്നാട് ബാർ കൗൺസിലിൽ ചേർന്ന് സിവിൽ പ്രാക്ടീസ് ആരംഭിച്ചു. മെട്രോ വാട്ടർ സംഘടനയുടെ നിയമോപദേഷ്ടാവായും സിവിൽ സ്യൂട്ടുകളിലെ സർക്കാർ അഭിഭാഷ്കനായും പ്രവർത്തിച്ചു. ഈ കാലയളവിലും ഉന്നത വിദ്യാഭ്യാസം തുടർന്നു.

2009ൽ ആണ് മദ്രാസ് ഹൈകോടതി ജഡ്ജിയായി തെരഞ്ഞെടുക്കപ്പെടുന്നത്. വിരമിച്ച മദ്രാസ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ. കെ. ഗാംഗുലിയാണ് ആ സ്ഥാനത്തേക്ക് ജസ്റ്റിസ് കർണൻറെ പേര് നിർദേശിക്കുന്നത്. 2012ൽ മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയായി സേവനം അനുഷ്ഠിക്കുന്നതിനിടെ ദളിത നായതിൻറെ പേരിൽ തനിക്ക് വിവേചനം നേരിടുന്നതായി ആരോപിക്കുന്നത്.

2016ൽ കോൽക്കത്ത ഹൈക്കോടതിയിലേക്ക് സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചതിന് പിന്നാലെ ജസ്റ്റിസ് കർണൻ തന്നെ ഉത്തരവ് റദ്ദാക്കിയതും വിവാദത്തിലായി. 20 സഹ ജഡ്ജിമാർക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ച് പേരുകൾ പ്രഖ്യാപിക്കുകയും ഇവർക്കെതിരെ അന്വേഷണം ആവശ്യപ്പെട്ട് പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർക്ക് കത്തെഴുതുകയും ചെയ്തതിന് പിന്നാലെയാണ് ജസ്റ്റിസ് കർണനും സുപ്രീം കോടതിയും തമ്മിലുള്ള ഏറ്റുമുട്ടൽ ആരംഭിച്ചത്.

മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരിക്കെ ജസ്റ്റിസ് കർണൻ കോടതിയലക്ഷ്യക്കേസിൽ സുപ്രീം കോടതിയിൽ ഹാജരായതിന് പിന്നാലെ ജഡ്ജിമാർ തന്നെ അപമാനിച്ചെന്നു ചൂണ്ടിക്കാട്ടി പട്ടികവിഭാഗങ്ങൾക്കെതിരായ അക്രമം തടയുന്ന നിയമപ്രകാരം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജെ. എസ്. കേഹാർ ഉൾപ്പെടെ സുപ്രീം കോടതിയിലെ ഏഴു ജഡ്ജിമാർക്കെതിരെ കേസെടുത്തു സമൻസ് പുറപ്പെടുവിച്ചു.

ഇതേതുടർന്ന് സുപ്രീം കോടതി ജഡ്ജിമാർ ജസ്റ്റിസ് കർണൻറെ മാനസികനില പരിശോധിക്കണമെന്ന് നിർദേശിച്ചു. അടുത്ത ദിവസം കർണൻ സുപ്രീം കോടതി ജഡ്ജിമാർക്കെതിരെ ജാമ്യമില്ലാ വാറണ്ടും പുറപ്പെടുവിച്ചു.

ചീഫ് ജസ്റ്റിസ് കേഹാർ അടക്കം ഏഴു സുപ്രീം കോടതി ജഡ്ജിമാർക്കും അഞ്ചു വർഷ കഠിനതടവ് വിധിച്ച് ജസ്റ്റിസ് കർണൻ ഉത്തരവിട്ടതോടെയാണ് അസാധാരണ സംഭവങ്ങൾ

ബാങ്ക് സാവകാശം നൽകിയില്ല; ജപ്തി നോട്ടിസിന് പിന്നാലെ വീട്ടമ്മ ജീവനൊടുക്കി

കോഴിക്കോട്: കോഴിക്കോട് പേരാമ്പ്രയിൽ ജപ്തി ഭീഷണിയെ തുടർന്ന് വീട്ടമ്മ ജീവനൊടുക്കിയതായി പരാതി. പേരാമ്പ്ര കൂത്താളി സ്വദേശി കവിത ആണ് മരിച്ചത്. ബാങ്കിൽ നിന്നെടുത്ത വായ്പയിൽ കവിതയ്ക്കും കുടുംബത്തിനും ജപ്തി നോട്ടിസ് ലഭിച്ചിരുന്നു.

ജപ്തി നടപടിയുണ്ടാകുമെന്ന മുന്നറിയിപ്പിനിടെയാണ് കവിതയെ മരിച്ച നിലയിൽ കണ്ടെത്തിയത്. സൗത്ത് ഇന്ത്യൻ ബാങ്കിൻറെ നടുവണ്ണൂർ ശാഖയിൽ നിന്ന് കവിതയും ഭർത്താവ് ബാബുവും ചേർന്ന് വായ്പ എടുത്തിരുന്നു. ഇതിൽ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് ബാങ്ക് ജപ്തി നോട്ടിസ് നൽകിയിരുന്നു.

50 ലക്ഷത്തിനടുത്ത് വായ്പ തിരിച്ചടയ്ക്കാനുണ്ടായിരുന്നതായാണ് വിവരം. ബാങ്കിനെ സമീപിച്ച് സാവകാശം തേടിയെങ്കിലും അത് ലഭിച്ചില്ലെന്ന് ബന്ധുക്കൾ ആരോപിക്കുന്നു. നടപടികളുടെ ഭാഗമായി ബാങ്ക് ഉദ്യോഗസ്ഥർ വീട്ടിലെത്തിയപ്പോഴാണ് വീട്ടമ്മയെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്.

ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മരിച്ച കവിതയുടെ ബന്ധുക്കൾ പേരാമ്പ്ര പൊലിസിൽ പരാതി നൽകിയിട്ടുണ്ട്. മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.



ലോക പ്രമേഹ രോഗ ദിനം – 2026

ഇന്ത്യയിൽ ടൈപ്പ് 2 പ്രമേഹ രോഗികൾ പത്തു കോടി കവിഞ്ഞു



Dr. K. P. Poulose.jpg
Prof. Dr. K. P. Poulose
Principal Consultant in General Medicine
SUT Hospital, Pattom

ഭൂമുഖത്ത് വർദ്ധിച്ചുവരുന്ന പ്രമേഹ രോഗത്തെ തടയുവാൻ വേണ്ടി 1991 നവംബർ 14ന് ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ലോകമെമ്പാടും ആഘോഷിക്കുന്ന പ്രമേഹ രോഗദിനം, പ്രമേഹ രോഗത്തിന്റെ പല വശങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുവാനും രോഗത്തെ പ്രതിരോധിക്കുവാനും ആണ്. ലക്ഷക്കണക്കിന് പ്രമേഹ രോഗികളുടെ ജീവൻ നിലനിർത്തുന്ന 'ഇൻസുലിൻ' എന്ന ഹോർമോൺ കണ്ടുപിടിച്ചത് കാനഡക്കാരൻ ഡോ. ഫ്രഡറിക് ബാന്റിംഗ് (തന്റെ സഹപ്രവർത്തകനും വിദ്യാർത്ഥിയുമായിരുന്ന ചാൾസ് ബെസ്റ്റിന്റെ സഹായത്തോടെ) 1921ൽ ആണ്. അദ്ദേഹത്തിന്റെ ജന്മദിനം 1891 നവംബർ 14ന് ആയതുകൊണ്ട് തന്റെ ജന്മദിന ശതാബ്ദി വർഷമായ 1991 മുതലാണ് പ്രമേഹ രോഗദിനാഘോഷങ്ങൾ തുടങ്ങിയത്. (1941 ഫെബ്രുവരി 21ന് ഒരു വിമാനാപകടത്തിൽ ബാന്റിംഗ് മരിച്ചു.)

നേരത്തെ ചൈന ആയിരുന്നു പ്രമേഹ രോഗത്തിന്റെ തലസ്ഥാനം എങ്കിലും 2024 മുതൽ ഇന്ത്യ ജനസംഖ്യയിലും പ്രമേഹ രോഗികളുടെ എണ്ണത്തിലും ഒന്നാം സ്ഥാനത്താണ് (101 ദശലക്ഷം). ഏതാണ്ട് പത്ത് കോടിയിലധികം പ്രമേഹ രോഗികൾ ഇന്ത്യയിലുണ്ട്. നഗരപ്രദേശങ്ങളിൽ അഞ്ചിൽ ഒരാൾ (adults) പ്രമേഹ രോഗിയാണ്. ഓരോ വർഷവും രോഗത്തിന്റെ ഓരോ വിഭാഗങ്ങളെപ്പറ്റി ഊന്നൽ (പ്രാധാന്യം) കൊടുക്കുന്ന പതിവുണ്ട്. 2026ലെ ആപ്തവാക്യം 'പ്രാരംഭ ദശയിൽ തന്നെ രോഗം നിർണ്ണയവും ചികിത്സയുമാണ്'. ഈ ആപ്തവാക്യത്തിന്റെ പ്രാധാന്യം അറിയണമെങ്കിൽ താഴെ പറയുന്ന ചില സ്ഥിതി വിവര കണക്കുകൾ മനസ്സിലാക്കണം.

1.ഭൂമുഖത്ത് ഇപ്പോൾ 540 ദശലക്ഷം പ്രായപൂർത്തിയായ പ്രമേഹ രോഗികൾ ഉണ്ട്. 2045ൽ ഇവരുടെ എണ്ണം 780 ദശലക്ഷമായി വർദ്ധിക്കും.

2.പ്രമേഹ രോഗികളിൽ 48% പേർക്കും രോഗം അവർക്കുണ്ടോ എന്ന് അറിയുകയില്ല.

3.അവികസിത, വികസന രാജ്യങ്ങളിൽ ആണ് 80% പേരും പ്രമേഹത്തിന്റെ പ്രത്യാഘാതങ്ങൾ കൊണ്ട് മരിക്കുന്നത്.

4.ടൈപ്പ് 2 പ്രമേഹം പാരമ്പരാഗതമായി ഉണ്ടാകാവുന്നതാണ്.

5.ഇന്ത്യയിൽ ഒരു വർഷം 10 ലക്ഷം പേർ പ്രമേഹ രോഗ പ്രത്യാഘാതങ്ങൾ കൊണ്ട് മരണമടയുന്നു.

6.ഇന്ത്യയിൽ 20 – 30 സെക്കന്റിൽ പ്രമേഹ രോഗം കൊണ്ട് കാലോ, വിരലുകളോ മുറിച്ച് മാറ്റപ്പെടുന്നു (amputation).

7.58% പ്രമേഹ രോഗികളും മരിക്കുന്നത് ഹൃദയാഘാതം കൊണ്ടാണ്.

വിലകൂടിയ വിവിധതരം മരുന്നുകളുടെ എണ്ണം, വില കൂടുതലുള്ള ഇൻസുലിൻ മേടിക്കുവാനുള്ള സാമ്പത്തിക ബാദ്ധ്യത, എല്ലാവിധ ചികിത്സാ സൗകര്യങ്ങളുള്ള കോർപ്പറേറ്റ് ആശുപത്രികളിൽ പോകുവാനുള്ള പ്രയാസങ്ങൾ, ചികിത്സിക്കുവാൻ വൈകുന്നതുകൊണ്ടുള്ള ഹൃദയാഘാതം, സ്ട്രോക്ക് എന്നീ മാരകരോഗങ്ങൾ, എന്നിവയെല്ലാം സാമ്പത്തിക ഭദ്രതയുള്ള രാജ്യങ്ങളുടെ സഹായം കൊണ്ട് മാത്രമേ പരിഹരിക്കുവാൻ പറ്റുകയുള്ളൂ. പക്ഷേ രോഗം വരാതിരിക്കുവാനുള്ള പ്രതിവിധികൾ പാലിക്കേണ്ടത് രോഗികളാണ്. വർദ്ധിച്ചു വരുന്ന ദുർമേദസ്സ് (കുട്ടികളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മൂന്ന് ഇരട്ടിയാണ് ദുർമേദസ്സ് വർദ്ധിച്ചിരിക്കുന്നത്), വ്യായാമക്കുറവ്, ഭക്ഷണ നിയന്ത്രണമില്ലായ്മ, ഗർഭധാരണ സമയത്തുള്ള പ്രമേഹം ഇതെല്ലാം പ്രമേഹ രോഗ വർദ്ധനവിന് കാരണമാണ്. ഗർഭധാരണ സമയത്തുള്ള പ്രമേഹം പ്രസവാനന്തരം മാറുമെങ്കിലും വ്യായാമവും ഭക്ഷണ നിയന്ത്രണവും തുടർന്നില്ലെങ്കിൽ 15 വർഷത്തിനുശേഷം 30% പേരെങ്കിലും പ്രമേഹ രോഗികളായി തീരുന്നു. കേരളത്തിൽ ഏതാണ്ട് 10 – 15% ഗർഭിണികളിൽ പ്രത്യേകിച്ച് പരമ്പരാഗതമായി പ്രമേഹമുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രമേഹരോഗം ഉണ്ടാകുന്നത്.

പ്രമേഹം ഒരു ജീവിത ശൈലി രോഗമായതുകൊണ്ട് ആനുകാലികമായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നത് നല്ലതാണ്. പ്രബുദ്ധരായ കേരളീയ ജനത അത് വളരെ ഹാർദ്ദവമായി സ്വീകരിക്കുക തന്നെ ചെയ്യും. ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ 2030ൽ നടത്തേണ്ട, കൈവരിക്കേണ്ട 5 കാര്യങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1.80% രോഗികളെങ്കിലും അവർക്ക് പ്രമേഹരോഗം ഉണ്ടെന്ന് അറിഞ്ഞിരിക്കണം. (ഇപ്പോൾ അത് 52% ആണ്).

2.80% രോഗികളുടെ പഞ്ചസാര ലെവൽ നോർമൽ ആയിരിക്കണം (ഒയഅ1ര) ഇപ്പോൾ 35 – 40% ആണ്. അതായത് 80% പേരുടെയും രക്തത്തിലെ പഞ്ചസാര നിയന്ത്രിതമായിരിക്കണം.

3.80% പ്രമേഹരോഗികളുടെ രക്തസമ്മർദ്ദം നോർമൽ ആയിരിക്കണം (രക്താദിസമ്മർദ്ദം ഭൂരിപക്ഷം പേരിലും ഉണ്ടായിരിക്കുമെങ്കിലും മരുന്നുകൾ കൊണ്ട് നിയന്ത്രിച്ചിരിക്കണം).

4.60% പേരെങ്കിലും കൊളസ്റ്ററോളിനുള്ള 'സ്റ്റാറ്റിൻ തെറാപ്പി' എടുത്തിരിക്കണം. കൊളസ്റ്ററോൾ കൂടുതലാണെങ്കിലും ഇല്ലെങ്കിലും ഈ വാദത്തിനോട് വിയോജിപ്പ് ഉള്ളവരുണ്ട്.

5.100% ടൈപ്പ് 1 പ്രമേഹ രോഗികൾക്കും ഇൻസുലിൻ ലഭ്യമാക്കാനുള്ള സാധ്യത ഉണ്ടാക്കണം.

പ്രബുദ്ധരായ, ആരോഗ്യത്തിൽ ശ്രദ്ധയുള്ള, വിദ്യാഭാസ സമ്പന്നരായ കേരള ജനത മേൽപ്പറഞ്ഞ കാര്യങ്ങൾ 2030ൽ നടപ്പിലാക്കുവാൻ വേണ്ടി ശ്രമിക്കുമല്ലോ!

ആഗോളതലത്തിൽ മൈക്രോസോഫ്റ്റ് സേവനങ്ങൾ തടസപ്പെട്ടു, തല പുകച്ച് കമ്പനി

ന്യൂയോർക്ക്: ഔട്ട്ലുക്ക്, ടീംസ്, എഐ അസിസ്റ്റന്റായ കോപൈലറ്റ് എന്നിവയുൾപ്പടെയുള്ള മൈക്രോസോഫ്റ്റ് സേവനങ്ങൾ ആഗോളതലത്തിൽ തടസപ്പെട്ടു. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിനു ഉപയോക്താക്കളെയാണു സാങ്കേതികതകരാർ ബാധിച്ചത്. സേവനങ്ങൾ പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെങ്കിലും പ്രതീക്ഷിച്ചതുപോലെ മുന്നോട്ടുപോകുന്നില്ലെന്ന് മൈക്രോസോഫ്റ്റ് വ്യക്തമാക്കി. വേഡ്, എക്സൽ, പവർപോയിന്റ്, ഷെയർപോയിന്റ്, വൺഡ്രൈവ് തുടങ്ങിയ മൈക്രോസോഫ്റ്റ് 365 ആപ്ലിക്കേഷനുകളുടെ പ്രവർത്തനത്തെയും തകരാർ ബാധിച്ചിട്ടുണ്ട്.

പ്രശ്നത്തിനു വ്യക്തമായ പരിഹാരം ഇതുവരെ കണ്ടെത്താനായിട്ടില്ല. ട്രാഫിക് വർധനവ് കാരണം ഏറ്റവും പുതിയ പരിഹാരശ്രമങ്ങളിലും തടസങ്ങൾ നേരിടുന്നുണ്ടെന്നും തകരാറിൻറെ യഥാർഥ കാരണം കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും മൈക്രോസോഫ്റ്റ് അറിയിച്ചു. സെർവറുകളിലെ ഭാരം കുറയ്ക്കുന്നതിനും ശേഷി വർധിപ്പിക്കുന്നതിനുമായി വെർച്വൽ മെഷീനുകളുടെ എണ്ണം കൂട്ടുകയാണെന്നും പ്രവർത്തനരഹിതമായ മെഷീനുകൾ കണ്ടെത്തി പുതിയ നെറ്റ്വർക്ക് മാറ്റങ്ങൾ അവയിൽ നടപ്പിലാക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ടെന്നും കമ്പനി പ്രസ്താവനയിൽ പറഞ്ഞു. എന്നാൽ, ചില മെഷീനുകൾ തകരാറിലായ അവസ്ഥയിൽത്തന്നെ തുടരുന്നത് മാറ്റങ്ങൾ നടപ്പിലാക്കുന്നതിന് തടസമാകുന്നുണ്ടെന്നും കമ്പനി കൂട്ടിച്ചേർത്തു.

ലോകമെമ്പാടുമുള്ള 30 മുതൽ 40 ലക്ഷം വരെ സ്ഥാപനങ്ങൾ മൈക്രോസോഫ്റ്റ് 365 ഉപയോഗിക്കുന്നുണ്ടെന്നാണ് ബിബിസി റിപ്പോർട്ട് ചെയ്യുന്നത്. ഏകദേശം 43 കോടി ഉപയോക്താക്കളെ ഈ സാങ്കേതിക തകരാർ ബാധിച്ചിട്ടുണ്ടാകാമെന്നാണു വിലയിരുത്തൽ. ഫോർച്യൂൺ 500 കമ്പനികളിൽ 90 ശതമാനത്തിലധികവും കോപൈലറ്റ് ഉപയോഗിക്കുന്നവരാണ്.

പസഫിക് സമയം ഇന്നലെ രാവിലെ 7.40ഓടെയാണ് വടക്കേ അമേരിക്കൻ മേഖലയിൽ ടീംസ് സേവനങ്ങളിൽ തകരാർ റിപ്പോർട്ട് ചെയ്തത്. പിന്നാലെ ഇമെയിൽ അക്കൗണ്ടുകൾ തുറക്കുന്നതിനും സന്ദേശങ്ങൾ അയക്കുന്നതിനും സ്വീകരിക്കുന്നതിനും തടസം നേരിടുന്നതായി ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്ന് പരാതികൾ ഉയർന്നു. തത്സമയ സേവന തടസങ്ങൾ നിരീക്ഷിക്കുന്ന 'ഡൗൺഡിറ്റക്ടറിൽ' ഏകദേശം 1,30, 000 പരാതികളാണു രേഖപ്പെടുത്തിയത്. വിവിധ മേഖലകളിലുണ്ടായ അമിത ട്രാഫിക്കിനെത്തുടർന്നുള്ള കണക്ടിവിറ്റി പ്രശ്നങ്ങളാണു തകരാറിനു പിന്നിലെന്നാണ് പ്രാഥമിക നിഗമനം. സെർവറുകളിൽ സുരക്ഷിതമായ കണക്ഷനുകൾ സ്ഥാപിക്കുന്ന പ്രക്രിയയിലുണ്ടായ അമിതഭാരം കാരണം ചില സെർവറുകളുടെ പ്രവർത്തനം നിലയ്ക്കുകയായിരുന്നു. തകരാർ ആരംഭിച്ച സമയത്ത് വരുത്തിയ ചില കോൺഫിഗറേഷൻ മാറ്റങ്ങൾ കമ്പനി പിൻവലിച്ചുതുടങ്ങിയിട്ടുണ്ട്. അതേസമയം, ഇതിനു പിന്നിൽ സൈബർ ആക്രമണമാണെന്നതിന് യാതൊരു സൂചനയുമില്ലെന്നും മൈക്രോസോഫ്റ്റ് വ്യക്തമാക്കി.

വിവിധ രാജ്യങ്ങളെയും സ്ഥാപനങ്ങളെയും ബാധിച്ചു

ഓസ്ട്രേലിയയിലെ സർക്കാർ വകുപ്പുകൾ, സ്കൂളുകൾ, കോടതികൾ, ആരോഗ്യസ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തെ തകരാർ സാരമായി ബാധിച്ചു. തായ്വാനിലും ഓഫീസ് പ്രവർത്തനങ്ങൾ തടസപ്പെട്ടു. ഇന്നു പുലർച്ചെ മൂന്നിനും ഒന്പതിനുമിടയിൽ നൂറിലധികം പരാതികളാണ് ഇവിടെ റിപ്പോർട്ട് ചെയ്തത്.

മൈക്രോസോഫ്റ്റുമായി ബന്ധിപ്പിച്ചിട്ടുള്ള മറ്റു തേർഡ് പാർട്ടി സേവനങ്ങളെയും തകരാർ ബാധിച്ചിട്ടുണ്ട്. തങ്ങളുടെ മൈക്രോസോഫ്റ്റ് കണക്ടറുകളിൽ പ്രശ്നങ്ങളുണ്ടെന്ന് ഓപ്പൺ എഐയും ആന്ത്രോപിക്കും അറിയിച്ചു. സേവനങ്ങൾ എപ്പോൾ പൂർണമായി പുനഃസ്ഥാപിക്കാൻ കഴിയുമെന്ന കാര്യത്തിൽ മൈക്രോസോഫ്റ്റ് ഇതുവരെ വ്യക്തത വരുത്തിയിട്ടില്ല.

ചരിത്രനേട്ടത്തിന് സ്പേസ് എക്സ്; സ്റ്റാർഷിപ്പ് പൂർണമായും തിരിച്ചിറക്കാൻ ശ്രമം

വാഷിംഗ്ടൺ ഡിസി: ബഹിരാകാശ യാത്രകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന നിർണായക പരീക്ഷണത്തിനൊരുങ്ങി ഇലോൺ മസ്കിൻറെ സ്പേസ് എക്സ്. ലോകത്തിലെ ഏറ്റവും കരുത്തുറ്റ റോക്കറ്റായ 'സ്റ്റാർഷിപ്പി'ൻറെ എല്ലാ ഭാഗങ്ങളും കേടുപാടുകളില്ലാതെ തിരികെ ഭൂമിയിൽ സുരക്ഷിതമായി ഇറക്കാനാണു കമ്പനി ആദ്യമായി ശ്രമിക്കുന്നത്. ഇന്നു പ്രാദേശികസമയം വൈകുന്നേരം 5.45നും ഏഴിനു (ഇന്ത്യൻ സമയം നാളെ പുലർച്ചെ 4.15നും 5.30നും ഇടയിൽ) മിടയിലാണു വിക്ഷേപണം നിശ്ചയിച്ചിരിക്കുന്നത്.

ഒരുതവണ ഉപയോഗിച്ചശേഷം കോടിക്കണക്കിന് രൂപ വിലമതിക്കുന്ന റോക്കറ്റ് ഭാഗങ്ങൾ ഉപേക്ഷിക്കുന്ന രീതി അവസാനിപ്പിച്ച്, പൂർണമായും പുനരുപയോഗിക്കാൻ കഴിയുന്ന വിക്ഷേപണ സംവിധാനം വികസിപ്പിക്കുക എന്നതാണു ലക്ഷ്യം. റോക്കറ്റ് ശാസ്ത്രത്തിലെ ഏറ്റവും വലിയ സ്വപ്നമായ ഈ നേട്ടം കൈവരിക്കാനായാൽ ബഹിരാകാശ വിക്ഷേപണച്ചെലവ് വൻതോതിൽ കുറയ്ക്കാൻ സാധിക്കും.

ലക്ഷ്യങ്ങളും വെല്ലുവിളികളും

ചന്ദ്രനിൽ സ്ഥിരമായ മനുഷ്യവാസകേന്ദ്രം സ്ഥാപിക്കാനുള്ള നാസയുടെ ദൗത്യങ്ങൾക്ക് പിന്തുണ നൽകുക, സ്റ്റാർലിങ്ക് ഇൻറർനെറ്റ് ശൃംഖല വിപുലീകരിക്കുക, ചൊവ്വയിൽ മനുഷ്യവാസം സാധ്യമാക്കുക തുടങ്ങി വമ്പൻ പദ്ധതികൾക്കായാണു സ്റ്റാർഷിപ്പ് രൂപകല്പന ചെയ്തിരിക്കുന്നത്.

പദ്ധതി വിജയിക്കണമെങ്കിൽ സ്റ്റാർഷിപ്പിൻറെ മുകൾഭാഗത്തുള്ള 171 അടി ഉയരമുള്ള പേടകത്തെ ഭ്രമണപഥത്തിൽനിന്നു തിരികെ കൊണ്ടുവന്ന് ദക്ഷിണ ടെക്സസിലെ വിക്ഷേപണ ഗോപുരത്തിൻറെ യന്ത്രക്കൈകൾക്കുള്ളിൽ സുരക്ഷിതമായി ഇറക്കണം. ചരിത്രത്തിൽ ഇതുവരെ ഇത്തരമൊരു പരീക്ഷണം നടത്തിയിട്ടില്ല.

വിക്ഷേപണം കഴിഞ്ഞ് മിനിറ്റുകൾക്കുള്ളിൽ താഴത്തെ ഭാഗമായ 'സൂപ്പർ ഹെവി' റോക്കറ്റ് ബൂസ്റ്റർ വേർപെട്ട് വിക്ഷേപണ ഗോപുരത്തിലേക്കുതന്നെ തിരിച്ചിറങ്ങും. ഇതിനുമുന്പും സ്പേസ് എക്സ് ബൂസ്റ്ററുകൾ വിജയകരമായി തിരിച്ചിറക്കിയിട്ടുണ്ടെങ്കിലും പുതിയ പതിപ്പായ വി3 ബൂസ്റ്ററിൽ ഇത് ആദ്യമായാണു പരീക്ഷിക്കുന്നത്.

നിർണായകമായ തിരിച്ചിറക്കം

ബൂസ്റ്ററിൽനിന്നു വേർപെട്ടശേഷം മുകൾഭാഗത്തുള്ള പേടകം സ്വന്തം എൻജിനുകൾ ജ്വലിപ്പിച്ച് മണിക്കൂറിൽ 27,000 കിലോമീറ്ററിലധികം (ശബ്ദത്തിൻറെ 20 ഇരട്ടി) വേഗത കൈവരിച്ച് ഭൂമിയുടെ ഭ്രമണപഥത്തിൽ പ്രവേശിക്കും. തുടർന്ന് 22 മണിക്കൂറിനുള്ളിൽ ഭൂമിയെ 14 തവണ വലംവയ്ക്കുകയും 26 സ്റ്റാർലിങ്ക് വി3 ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ എത്തിക്കുകയും ചെയ്യും.

നാളെ ഉച്ചയോടെ (ഇന്ത്യൻ സമയം നാളെ രാത്രി 10. 30) യാണ് ഏറ്റവും നിർണായകമായ ഘട്ടം. ഭൂമിയുടെ അന്തരീക്ഷത്തിലേക്കു തിരികെ പ്രവേശിക്കുമ്പോൾ പേടകത്തിനു പുറത്ത് 2,000 ഡിഗ്രി ഫാരൻഹീറ്റിലധികം താപനില അനുഭവപ്പെടും. അമേരിക്കയുടെ പടിഞ്ഞാറൻ തീരത്തിനു മുകളിലൂടെ കരഭാഗം കടന്നാണു പേടകം ടെക്സസിലേക്ക് എത്തുന്നത്.

ജനവാസ മേഖലകൾക്കു മുകളിലൂടെയുള്ള ഈ സഞ്ചാരം വലിയ വെല്ലുവിളിയാണ്. അപകടസാധ്യത കുറയ്ക്കാൻ വടക്കൻ മെക്സിക്കോയിലെയും തെക്കൻ ടെക്സസിലെയും ജനവാസം കുറഞ്ഞ മേഖലകളിലൂടെ പേടകത്തെ തിരിച്ചുവിടാനാണു തീരുമാനം. അവസാനനിമിഷം എന്തെങ്കിലും തകരാർ സംഭവിച്ചാൽ പേടകത്തെ കടലിൽ പതിപ്പിക്കാനോ അല്ലെങ്കിൽ ആകാശത്തുവച്ചുതന്നെ നശിപ്പിക്കാനോ മിഷൻ കൺട്രോളർമാർക്ക് സാധിക്കും.

എൻജിൻ തകരാറുകൾ ആശങ്ക

സമീപകാല പരീക്ഷണങ്ങളിൽ സ്റ്റാർഷിപ്പിലെ 'റാപ്റ്റർ' എൻജിനുകൾക്കുണ്ടായ തകരാറുകൾ ആശങ്ക ഉയർത്തുന്നുണ്ട്. സെപ്റ്റംബറിൽ നടന്ന 14-ാം പരീക്ഷണപ്പറക്കലിൽ വിക്ഷേപണത്തിന് തൊട്ടുപിന്നാലെ ഒരു എൻജിൻ പ്രവർത്തനരഹിതമായിരുന്നു. അന്ന് ദൗത്യം ഉപേക്ഷിക്കാൻ ഉദ്യോഗസ്ഥർ ആലോചിച്ചെങ്കിലും ഇലോൺ മസ്കിൻറെ നിർദേശപ്രകാരം മുന്നോട്ടുപോകുകയും പേടകം ഭ്രമണപഥത്തിൽ എത്തുകയും ചെയ്തിരുന്നു.

2025ൽ നടന്ന ഒരു പരീക്ഷണത്തിനിടെ സ്റ്റാർഷിപ്പ് പൊട്ടിത്തെറിച്ച് അവശിഷ്ടങ്ങൾ ജനവാസമേഖലയിൽ പതിച്ചിരുന്നു. എന്നാൽ, ഓരോ പരീക്ഷണത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ട് സുരക്ഷിതമായി പേടകത്തെ തിരിച്ചിറക്കാൻ സാധിക്കുമെന്ന ഉറച്ച ആത്മവിശ്വാസത്തിലാണ് സ്പേസ് എക്സ്.

അവസാനത്തെ കല്യാണക്കുറി നൽകാൻ പോയ പ്രതിശ്രുതവധുവും ബന്ധുവും ലോറിയിടിച്ചു മരിച്ചു

ബംഗളൂരു: അവസാനത്തെ കല്യാണക്കുറി നൽകാൻ അയൽവാസിയുടെ സ്കൂട്ടറിൽ ഇറങ്ങിത്തിരിച്ച പ്രതിശ്രുതവധുവും ബന്ധുവും ലോറിയിടിച്ചു മരിച്ചു. സോഫ്റ്റ്വെയർ എൻജിനിയർ സിന്ധുശ്രീ (29), സഹോദരിയുടെ മകളായ വിദ്യ (19) എന്നിവരാണ് മരിച്ചത്. ഓട്ടോ ഡ്രൈവറായ നഞ്ചുണ്ടപ്പയുടെ ഏകമകളാണ് സിന്ധുശ്രീ. ബംഗളൂരു ദീപഞ്ജലി നഗറിൽ ബുധനാഴ്ച വൈകുന്നേരമാണ് സംഭവം.

വ്യാഴാഴ്ച ഹൽദി ചടങ്ങുകളും ഞായറാഴ്ച വിവാഹസൽക്കാരവും നടത്താൻ നിശ്ചയിച്ചിരിക്കെയാണ് അപകടമുണ്ടായത്. വീട്ടിൽ അതിഥികളെയും വരവേൽക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നതിനിടെ ബാക്കിയുണ്ടായിരുന്ന ഒരേയൊരു കല്യാണക്കുറി കൂടി നേരിട്ട് നൽകാൻ സിന്ധുശ്രീയും വിദ്യയും പുറപ്പെട്ടത്.

'മകളുടെ ഹൽദി നടക്കേണ്ടിയിരുന്ന ചടങ്ങുകൾക്ക് പകരം ഇന്ന് ഞങ്ങൾക്ക് സംസ്കാരച്ചടങ്ങുകൾ നടത്തേണ്ടി വന്നു, ' മോർച്ചറിക്കു മുമ്പിൽ വച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് പിതാവ് പറഞ്ഞു. സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന യുവതികളുടെ മേൽ അമിതവേഗത്തിലെത്തിയ ലോറി ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് തെറിച്ചുവീണ ഇരുവരുടെയും ശരീരത്തിലൂടെ ലോറി കയറിയിറങ്ങുകയായിരുന്നുവെന്ന് പൊലിസ് വ്യക്തമാക്കി. അപകടത്തിന് ശേഷം നിർത്താതെ ഓടിച്ചുപോയ ലോറിക്കും ഡ്രൈവർക്കും വേണ്ടി പൊലിസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. അതേസമയം, അപകടം നടന്ന ഈ റോഡിൽ ചരക്കുവാഹനങ്ങളുടെ ഗതാഗതത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്താത്തതാണ് ഇത്തരം ജീവനുകൾ പൊലിയാൻ കാരണമെന്ന് ബന്ധുക്കളും നാട്ടുകാരും ആരോപിക്കുന്നു.

തലശേരിയിൽ 110 ഗ്രാം സ്വർണവുമായി കവർച്ചാസംഘത്തിലെ രണ്ടുപേർ പിടിയിൽ

കണ്ണൂർ: തലശേരിയിൽ 110 ഗ്രാം സ്വർണവുമായി രണ്ടുപേർ പിടിയിൽ. നേപ്പാൾ സ്വദേശി ഗോപാൽ (32), ആസാം സ്വദേശി ദെബോജിത് (35) എന്നിവരാണ് നഗരത്തിൽ പൊലിസ് നടത്തിയ പരിശോധനയിൽ പിടിയിലായത്.പ്രതികളിൽനിന്ന് പണവും മൊബൈൽ ഫോണുകളും വിദേശ കറൻസിയും പിടികൂടിയിട്ടുണ്ടെന്ന് പൊലിസ് പറഞ്ഞു. ചെന്നൈയിൽ മോഷണം നടത്തിയശേഷം സ്വർണം കേരളത്തിൽ വിൽക്കാൻ കൊണ്ടുവന്നപ്പോഴാണ് ഇവർ പിടിയിലായതെന്ന് പൊലിസ് വ്യക്തമാക്കി. നഗരത്തിൽ നടത്തിയ സാധാരണ പരിശോധനയ്ക്കിടെ ഇവരുടെ പെരുമാറ്റത്തിൽ സംശയം തോന്നിയതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് സ്വർണാഭരണങ്ങൾ കണ്ടെടുത്തത്. സംഭവത്തിൽ കൂടുതൽ പേർക്ക് പങ്കുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

ട്രില്യൺ ഡോളർ കുതിപ്പിന് പിന്നിലെ സ്ത്രീശക്തി; ഇന്ന് എൻവിഡിയയുടെ അമരത്ത്

ന്യൂയോർക്ക്: ആർട്ടിഫിഷ്യൽ ഇൻറലിജൻസ് വിപ്ലവത്തിലൂടെ ലോകത്തെ തന്നെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന എൻവിഡിയയുടെ തലപ്പത്തുനിന്ന് ജെൻസൺ ഹുവാംഗ് സ്ഥാനമൊഴിയുന്നതോടെ, എഐ വ്യവസായത്തിന് അതിൻറെ ഏറ്റവും വലിയ വക്താവിനെയാണ് നഷ്ടമായത്. അദ്ദേഹം എഐ രംഗത്തെ വൻശക്തിയായി വളർത്തിയെടുത്ത ഈ ചിപ്പ് നിർമാണ കമ്പനിയുടെ ഭാവി തന്നെ അനിശ്ചിതത്വത്തിലാകുമെന്ന ഘട്ടത്തിലാണ് ഹുവാംഗ് ഒഴിച്ചിട്ട കസേരയിലേക്ക് കോലെറ്റ് ക്രെസ് എന്ന 59കാരി എത്തുന്നത്.

എൻവിഡിയയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസറായ കോലെറ്റ് ക്രെസ് ഇടക്കാല സിഇഒ ആയാണ് നിയമിതയായിരിക്കുന്നത്. ആഗോള ടെക് ലോകത്തെ ഏറ്റവും കരുത്തുറ്റ സിംഹാസനങ്ങളിൽ ഒന്നിലേക്ക് ഒരു വനിത കടന്നുവരുമ്പോൾ, അത് കേവലമൊരു പദവിമാറ്റം മാത്രമല്ല; മറിച്ച്, സിലിക്കൺ വാലിയുടെ ചരിത്രത്തിലെ തന്നെ സുപ്രധാനമായൊരു നാഴികക്കല്ലാണ്.

ലോകം മുഴുവൻ എൻവിഡിയയുടെ വളർച്ചയെക്കുറിച്ച് സംസാരിക്കുമ്പോൾ, കമ്പനിയുടെ സഹസ്ഥാപകനായ ജെൻസൺ ഹുവാംഗിനൊപ്പം തന്നെ ചേർത്തുവെക്കേണ്ട പേരാണ് കോലെറ്റ് ക്രെസ്. ഒരു ദശാബ്ദത്തിലേറെയായി എൻവിഡിയയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ എന്ന നിലയിൽ കമ്പനിയുടെ സാമ്പത്തിക ഭദ്രതയ്ക്കും അവിശ്വസനീയമായ വളർച്ചയ്ക്കും പിന്നിൽ പ്രവർത്തിച്ചത് ഈ അമേരിക്കൻ ബിസിനസ് എക്സിക്യൂട്ടീവാണ്.

2013 സെപ്റ്റംബറിലാണ് എൻവിഡിയയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറായും ചീഫ് ഫിനാൻഷ്യൽ ഓഫീസറായും ക്രെസ് എത്തുന്നത്. അന്ന് വെറുമൊരു ഗ്രാഫിക്സ് ചിപ്പ് നിർമാണ കമ്പനി മാത്രമായിരുന്ന എൻവിഡിയയെ, ഇന്നത്തെ ട്രില്യൺ കണക്കിന് ഡോളർ മൂല്യമുള്ള ലോകത്തെ ഏറ്റവും വലിയ എഐ ഭീമനാക്കി മാറ്റിയതിൽ അവരുടെ സാമ്പത്തിക തന്ത്രങ്ങൾക്ക് വലിയ പങ്കുണ്ട്.

ഗവേഷണത്തിനും വികസനത്തിനുമായി കൃത്യമായ നിക്ഷേപങ്ങൾ നടത്തുന്നതിലും, ഓഹരി ഉടമകളുടെ വിശ്വാസം നേടിയെടുക്കുന്നതിലും കോലെറ്റ് കാണിച്ച മികവ് ടെക് ലോകത്ത് ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

ക്രെസ് കമ്പനിയിൽ ചേർന്ന വർഷം 4.13 ബില്യൺ ഡോളറായിരുന്ന എൻവിഡിയയുടെ വാർഷിക വരുമാനം, 2026 സാമ്പത്തിക വർഷത്തിൽ ഇത് 215.9 ബില്യൺ ഡോളറായി വളർന്നുവെന്ന് വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു.

13 വർഷം മൈക്രോസോഫ്റ്റിൽ

എൻവിഡിയയിൽ ചേരുന്നതിന് മുൻപ്, 1997 മുതൽ 2010 വരെ ക്രെസ് മൈക്രോസോഫ്റ്റിൽ പ്രവർത്തിച്ചിരുന്നു. മൈക്രോസോഫ്റ്റിൻറെ 'സെർവർ ആൻഡ് ടൂൾസ്' വിഭാഗത്തിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ആയി സേവനമനുഷ്ഠിച്ചത് അവരുടെ പ്രധാന പദവികളിൽ ഒന്നാണ്. നാല് വർഷത്തോളം അവർ ഈ സ്ഥാനത്ത് തുടർന്നു.

കൂടാതെ, സിസ്കോയുടെ ബിസിനസ് ടെക്നോളജി ആൻഡ് ഓപ്പറേഷൻസ് ഫിനാൻസ് ഓർഗനൈസേഷൻറെ സീനിയർ വൈസ് പ്രസിഡൻറെയും സിഎഫ്ഒയായും മൂന്ന് വർഷം ക്രെസ് സേവനമനുഷ്ഠിച്ചു. നേരത്തെ, ടെക്സസ് ഇൻസ്ട്രുമെൻറ്സിൽ എട്ട് വർ

കേരളത്തിൽ ഡീപ്ടെക് ആവാസവ്യവസ്ഥ വളർത്താൻ ഏകോപിത സമീപനവും അടിസ്ഥാന സൗകര്യങ്ങളും അനിവാര്യമെന്ന് ഹഡിൽ ഗ്ലോബൽ

തിരുവനന്തപുരം: മികച്ച പ്രതിഭകളും സജീവമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുമുള്ള കേരളത്തിൽ ഡീപ് ടെക് മേഖലയുടെ വളർച്ചയ്ക്ക് പങ്കിട്ട അടിസ്ഥാന സൗകര്യങ്ങളും ഏകോപിത പിന്തുണ സംവിധാനവും അത്യന്താപേക്ഷിതമാണെന്ന് ഹഡിൽ ഗ്ലോബൽ-2026 സ്റ്റാർട്ടപ്പ് സമ്മേളനത്തിൽ വിദഗ്ധർ. കേരളത്തിൽ ഡീപ്ടെക് സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കൽ: പ്രതിഭ, സാങ്കേതികവിദ്യ, മൂലധനം, വിപണികൾ എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായം ഉയർന്നത്.

സോഫ്റ്റ്വെയർ ഉൽപ്പന്നങ്ങൾ പോലുള്ള ചില മേഖലകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, വളർന്നുവരുന്ന സാങ്കേതികവിദ്യകളിലേക്ക് കടക്കാനും ആഗോള വിപണിയിലെ ആവശ്യങ്ങൾ പ്രയോജനപ്പെടുത്താനും കേരളത്തിന് ഏറ്റവും അനുയോജ്യമായ സമയമാണിതെന്ന് വിദഗ്ധർ വിലയിരുത്തി.

സംസ്ഥാനത്തെ ഡീപ്ടെക് അധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിനും വൈദഗ്ധ്യമുള്ള പ്രതിഭകളെ വളർത്തുന്നതും ഏകോപിതമായ ഇടപെടലുകൾ നടത്തുന്നത് അനിവാര്യമാണെന്ന് ട്രെസ്റ്റ് റിസർച്ച് പാർക്ക് സി.ഇ.ഒയും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലറുമായ



ഹഡിൽ ഗ്ലോബൽ-2026 സ്റ്റാർട്ടപ്പ് സമ്മേളനത്തിലെ സെഷനിൽ ഐഐടി മദ്രാസിലെ ഐസി ആൻഡ് എസ് ആർ ഡീൻ ഡോ. മനു സന്താനം സംസാരിക്കുന്നു. ട്രെസ്റ്റ് റിസർച്ച് പാർക്ക് സി.ഇ.ഒ ഡോ. രാജശ്രീ എം.എസ്, നേത്രസെമി സിഇഒയും കോ-ഫൗണ്ടറുമായ ജ്യോതിസ് ഇന്ദിരാഭായ്, സീഫണ്ട് മാനേജിങ് പാർട്ണർ മനോജ് അഗർവാൾ എന്നിവർ സമീപം.

ഡോ. രാജശ്രീ എം.എസ് പറഞ്ഞു. ഗവേഷണ-വികസന സ്ഥാപനങ്ങൾ, വ്യവസായ മേഖല, നവീകരണ ആവാസവ്യവസ്ഥ എന്നിവ തമ്മിലുള്ള സഹകരണം തുടർച്ചയായതും സമഗ്രവുമായ ഇടപെടലുകളിലൂടെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

അക്കാദമിക് സ്ഥാപനങ്ങൾ വകുപ്പ് അധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി സെൻറർസ് ഓഫ് എക്സലൻസ് സൃഷ്ടിക്കുന്നതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഐഐടി മദ്രാസിലെ ഐസി ആൻഡ് എസ് ആർ ഡീൻ ഡോ. മനു സന്താനം അഭിപ്രായപ്പെട്ടു. ആശയങ്ങളെ വിപണിയിൽ എത്തിക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് കഴിവുള്ള യുവതലമുറയ്ക്ക് വലിയ അവസരങ്ങളാണുള്ളത്.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക ലോകത്തിൻറെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അക്കാദമിക് സ്ഥാപനങ്ങൾ ഗവേഷണ പ്രവർത്തനങ്ങളെ പരമ്പരാഗത മേഖലകളിൽ നിന്ന് വിപുലീകരിക്കേണ്ടതുണ്ട്. സംരംഭകത്വ യാത്രയുടെ ആദ്യ ഘട്ടങ്ങളിൽ യുവാക്കൾക്ക് വ്യവസായ പ്രമുഖരുമായി ആശയവിനിമയം നടത്താൻ അവസരമൊരുക്കേണ്ടത് പ്രധാനമാണ്. യുവ പ്രതിഭകൾ സൃഷ്ടിക്കുന്ന അറിവുകളെയും കണ്ടുപിടുത്തങ്ങളെയും സംരക്ഷിക്കുന്നതിനായി ബൗദ്ധിക സ്വത്തവകാശ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡീപ് ടെക് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ തന്നെ ഈ മാറ്റത്തിലൂടെ ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളെക്കുറിച്ചും പരിഗണിക്കേണ്ടതുണ്ടെന്ന് നേത്രസെമി സിഇഒയും കോ-ഫൗണ്ടറുമായ ജ്യോതിസ് ഇന്ദിരാഭായ് പറഞ്ഞു. ഡീപ്ടെക് വികസനത്തിൽ നിന്നുള്ള വരുമാനം ഈ ആവാസവ്യവസ്ഥയെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. കൂടാതെ, ട്രാൻസ്ലേഷണൽ റിസർച്ച് പ്രോഗ്രാമുകൾ ഭാവിയിൽ നൽകാൻ സാധ്യതയുള്ള സാമ്പത്തിക നേട്ടങ്ങളെക്കുറിച്ച് മുൻകൂട്ടിത്തന്നെ കണക്കിലെടുക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

മൂലധനം സമാഹരിക്കാൻ പ്രയാസപ്പെടുന്ന പ്രാരംഭ ഘട്ടത്തിലുള്ള സംരംഭകർക്ക് അത്യാധുനിക ലാബുകളും ഉപകരണങ്ങളും അടങ്ങിയ പൊതുവായ ഡീപ്ടെക് അടിസ്ഥാന സൗകര്യങ്ങൾ വലിയൊരു ആശ്വാസമായിരിക്കുമെന്ന് സീഫണ്ട് മാനേജിങ് പാർട്ണർ മനോജ് അഗർവാൾ അഭിപ്രായപ്പെട്ടു. രാജ്യത്തെ പൊതുമേഖലാ സംവിധാനങ്ങൾക്ക് പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ 2026 നിക്ഷേപകർ, ഉപദേഷ്ടാക്കൾ, നയരൂപകർത്താക്കൾ, സംരംഭകർ എന്നിവരെ ഒരേ വേദിയിൽ അണിനിരത്തുന്നു. സംസ്ഥാനത്തെ ശക്തമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കൂടുതൽ വിപുലീകരണത്തിലേക്ക് നീങ്ങുന്ന സാഹചര്യത്തിലാണ് ഈ സംഗമം നടക്കുന്നത്.

ആസാമിൽ ഒരു കുടുംബത്തിലെ മൂന്നുപേരെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

ദിസ്പൂർ: ആസമിലെ ശ്രീഭൂമി ജില്ലയിൽ കുടുംബവഴക്കിനെത്തുടർന്ന് ഒരു കുടുംബത്തിലെ മൂന്നുപേരെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ. ഫറൂഖ് അഹമ്മദാണ് പിതാവ് ഖലീൽ ഉദ്ധീൻ, ഇളയ സഹോദരങ്ങളായ ജഹാംഗീർ ഹുസൈൻ (എട്ട്), ആലം ഉദ്ധീൻ (ഏഴ്) എന്നിവരെ കൊലപ്പെടുത്തിയത്. സംഭവത്തിൽ അമ്മയ്ക്കും മറ്റൊരു സഹോദരനും ഗുരുതരമായി പരിക്കേറ്റു. വ്യാഴാഴ്ച രാത്രി കുടുംബത്തിലുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് ഫറൂഖ് അഹമ്മദ് കുടുംബത്തിലെ അഞ്ച് അംഗങ്ങളെ ആക്രമിക്കുകയായിരുന്നു. ജഹാംഗീറും, ആലം ഉദ്ധീനും സംഭവസ്ഥലത്തുതന്നെ മരിച്ചു. ഗുരുതരമായി പരിക്കേറ്റ ഖലീൽ ഉദ്ധീനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ചികത്സയിലായിരിക്കെ വെള്ളിയാഴ്ച മരണത്തിനു കീഴടങ്ങുകയായിരുന്നു. ആക്രമണത്തിൽ പരിക്കേറ്റ പ്രതിയുടെ അമ്മ ആലിയ ബീഗം, മറ്റൊരു സഹോദരൻ അൽതാഫ് ഹുസൈൻ എന്നിവരും ആശുത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. ഇരുവരുടെയും നില അതീവ ഗുരുതരമായി തുടരുകയാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. വർഷങ്ങളായി നിലനിൽക്കുന്ന കുടുംബ വഴക്കാണ് ആക്രമണത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. പ്രതിയായ ഫറൂഖ് അഹമ്മദ് ലഹരിക്ക് അടിമയായിരുന്നുവെന്നും ഇത് കുടുംബത്തിലെ തർക്കങ്ങൾ കൂടുതൽ വഷളാക്കാൻ കാരണമായിട്ടുണ്ടാകാമെന്നും വിവരങ്ങളുണ്ട്. എങ്കിലും കൊലപാതകത്തിന് പിന്നിലുള്ള കൃത്യമായ കാരണം എന്താണെന്ന് കണ്ടെത്താൻ പൊലിസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട മൂന്ന് പേരുടെയും മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി അയച്ചു. സംഭവത്തിൽ കൂടുതൽ നിയമനടപടികൾ സ്വീകരിച്ചുവരികയാണെന്നും പ്രതിയെ ചോദ്യം ചെയ്തുവരുകയാണെന്നും പൊലിസ് അറിയിച്ചു.

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം തീവ്രമാകും; സംസ്ഥാനത്ത് മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ പ്രവചനം. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നു മുതൽ ചൊവ്വാഴ്ച വരെ നേരിയ/ഇടത്തരം മഴയ്ക്കാണ് സാധ്യത. അതേസമയം, കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ അടുത്ത അഞ്ചു ദിവസത്തേക്കുള്ള മഴ സാധ്യതാ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല. തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടു. ശനിയാഴ്ചയോടെ ശക്തി കൂടിയ ന്യൂനമർദ്ദമായും ഞായറാഴ്ചയോടെ തീവ്ര ന്യൂനമർദ്ദമായും അതിനുശേഷം വടക്ക് - വടക്കുപടിഞ്ഞാറൻ ദിശയിൽ നീങ്ങി, തിങ്കളാഴ്ച വൈകുന്നേരത്തോടെ മധ്യ ബംഗാൾ ഉൾക്കടലിൽ ചുഴലിക്കാറ്റായി കൂടുതൽ ശക്തിപ്രാപിക്കാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മധ്യ കിഴക്കൻ അറബിക്കടലിലും സമീപ വടക്കൻ ലക്ഷദ്വീപ് പ്രദേശങ്ങൾക്കും മുകളിൽ ചക്രവാതച്ചുഴി തുടരുന്നു. ഇതിൻറെ സ്വാധീനഫലമായാണ് സംസ്ഥാനത്ത് മഴ ശക്തമാകുന്നത്.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദത്തിൻറെ ഭാഗമായി ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യത ഉള്ളതിനാൽ ഇന്നു മുതൽ ചൊവ്വാഴ്ച വരെ ബംഗാൾ ഉൾക്കടലിൽ യാതൊരു കാരണവശാലും മത്സ്യബന്ധനത്തിനായി പോകാൻ പാടുള്ളതല്ലെന്നും ഈ പ്രദേശങ്ങളിൽ ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ എത്രയും വേഗം കരയിലേക്ക് തിരിച്ചെത്തണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ബസ് ചാർജ് വർധനവിലും വിദ്യാർഥി കൺസെഷനിലും നിലപാട് വ്യക്തമാക്കി സർക്കാർ

തിരുവനന്തപുരം: സംസ്ഥാനത്ത് ബസ് ചാർജ് വർധന വേണമെന്ന ബസുടമകളുടെ ആവശ്യം തള്ളി ഗതാഗത മന്ത്രി സി. പി. ജോൺ. വിദ്യാർഥികൾക്കുള്ള കൺസെഷനിലും വർധനവില്ലെന്ന് മന്ത്രി അറിയിച്ചു. ഇതൊഴിച്ച് ബസുടമകളുടെ മറ്റ് ആവശ്യങ്ങൾ പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. ബസുടമകളിൽ തന്നെ ഒരു വിഭാഗം നിരക്ക് വർധനയ്ക്ക് എതിരാണെന്ന് സി. പി. ജോൺ അഭിപ്രായപ്പെട്ടു. നിരക്ക് കൂട്ടിയാൽ യാത്രക്കാർ കുറയുമെന്ന് ഒരു വിഭാഗം ബസ് ഉടമകൾ സംശയിക്കുന്നു. ആളുകൾ സ്വകാര്യ വാഹനങ്ങളിലേക്ക് മാറുമെന്നും മന്ത്രി വ്യക്തമാക്കി.

30, 000 ബസുകൾ ഉണ്ടായിരുന്നത് 8,000 ആയി കുറഞ്ഞു. ഓട്ടോ ടാക്സി നിരക്ക് കൂട്ടണമെന്നാണ് സർക്കാരിൻറെയും അഭിപ്രായം. 2022 ലാണ് അവസാനമായി ഇവരുടെ നിരക്ക് നിശ്ചയിച്ചതെന്നും മന്ത്രി വിശദീകരിച്ചു.

അതേസമയം കൗമാര ക്കാർ പ്രതികളായ വാഹനാപകടങ്ങളിൽ രക്ഷകർത്താക്കൾ ഉത്തരവാദിത്തം ഏറ്റെടുത്തേ മതിയാകൂവെന്നും ഗതാഗത മന്ത്രി വ്യക്തമാക്കി. മക്കൾ വാഹനമോടിച്ചത് താൻ അറിഞ്ഞിരുന്നില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാനാകില്ല. വാഹന ഉടമയെന്ന നിലയിൽ രക്ഷകർത്താക്കൾക്ക് ശിക്ഷ ലഭിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുളത്തിൽ മുങ്ങിത്താഴ്ന്ന് വിദ്യാർഥിനി; രക്ഷകരായി ജിഷ്ണുവും മുനീറും

കോഴിക്കോട്: നരിക്കുനി പാലങ്ങാട് വലിയ കുളത്തിൽ മുങ്ങിത്താഴ്ന്ന പ്ലസ്ടു വിദ്യാർഥിനിയെ കണ്ടപ്പോൾ ഒന്നും നോക്കാതെ എടുത്തുചാടി ജീവൻ രക്ഷിച്ച ജിഷ്ണുവും മുനീറുമാണിപ്പോൾ നാട്ടിലെ താരങ്ങൾ. സ്വജീവൻ പോലും അവഗണിച്ചായിരുന്നു സാഹസികമായി ഇവരുടെ രക്ഷാപ്രവർത്തനം. കഴിഞ്ഞ ദിവസമാണ് സംഭവം. സുഹൃത്തുക്കൾക്കൊപ്പം കുളത്തിന് സമീപത്തുകൂടി നടന്നുപോകുകയായിരുന്ന വിദ്യാർഥിനി കാൽവഴുതി വെള്ളത്തിൽ വീഴുകയായിരുന്നു. കൂട്ടുകാരികളുടെ നിലവിളി കേട്ടാണ് ജിഷ്ണുവും മുനീറും ഓടിയെത്തിയത്. ഒട്ടുംമടിക്കാതെ ഇവർ കുളത്തിലേക്ക് ചാടി വിദ്യാർഥിനിയെ കരയ്ക്കെത്തിക്കുകയായിരുന്നു. അവരെ ഉടൻ ഏളേറ്റിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ച് പ്രാഥമിക ചികിത്സ നൽകി. പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. പെൺകുട്ടി അപകടനില തരണം ചെയ്ത് സുഖം പ്രാപിച്ചുവരുന്നു.

സ്റ്റാർട്ടപ്പുകളുടെ 'ബ്രിഡ്ജ് റൗണ്ട്' ഫണ്ടിംഗ് വളർച്ചയ്ക്ക് വേണ്ടിയാകണമെന്ന് ഹഡിൽ ഗ്ലോബലിൽ നിക്ഷേപകർ

തിരുവനന്തപുരം: 'ബ്രിഡ്ജ് ഫണ്ടിംഗ്' തേടുന്ന സ്റ്റാർട്ടപ്പുകൾക്ക് വ്യക്തമായ വളർച്ചാ ലക്ഷ്യങ്ങളും സാഹചര്യങ്ങൾക്കനുസരിച്ച് മാറാനുള്ള കഴിവും സാമ്പത്തിക അച്ചടക്കവും ഉണ്ടായിരിക്കണമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച ഹഡിൽ ഗ്ലോബലിലെ പാനൽ ചർച്ചയിൽ നിക്ഷേപകർ അഭിപ്രായപ്പെട്ടു. 'ദ ബ്രിഡ്ജ് റൗണ്ട് ട്രാപ്പ്: സർവൈവിംഗ് ബിറ്റ് വീൻ സീഡ്, സീരീസ് എ ആൻഡ് ബിയോണ്ട്' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ വെൻറാന വെഞ്ചേഴ്സ് ഇൻവെസ്റ്റ്മെൻറ് ആൻഡ് ഫിനാൻസ് വിഭാഗം വൈസ് പ്രസിഡൻറ് പൂർണിമ നായക് മോഡറേറ്ററായി.

പണം സമാഹരിക്കുക എന്നതിലുപരി അത് എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെക്കുറിച്ചുള്ള കൃത്യമായ പദ്ധതിയും അടുത്ത ഘട്ടത്തിലേക്കുള്ള പുരോഗതി തെളിയിക്കാനാകുന്നതുമാണ് ഒരു ബ്രിഡ്ജ് റൗണ്ടിനെ വിജയകരമാക്കുന്നതെന്ന് ചർച്ച വിലയിരുത്തി.

'നിക്ഷേപകരുടെ കാഴ്ചപ്പാടിൽ ബ്രിഡ്ജ് റൗണ്ടുകൾ മോശം കാര്യമല്ലെന്നും നിയന്ത്രണാതീതമായ കാരണങ്ങളാൽ വളർച്ചാ പാതയിൽ നിന്ന് വ്യതിചലിക്കേണ്ടി വരുമ്പോൾ അവ ന്യായീകരിക്കാവുന്നതാണെന്നും മെറാക്ക് വെഞ്ചേഴ്സ് ഡയറക്ടർ പ്രണവ് സംഘി അദ്ദേഹം പറഞ്ഞു. എന്നാൽ മൂലധനത്തിൻറെ ഗുണനിലവാരം പരിശോധിക്കാതെ പണം സ്വീകരിക്കുന്നതിനെതിരെ അദ്ദേഹം സ്ഥാപകർക്ക് മുന്നറിയിപ്പ് നൽകി. എല്ലാ പണവും നല്ല പണമല്ലെന്നും എല്ലാ മൂലധനവും ഒരേ ഗുണനിലവാരമുള്ളതുമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്റ്റാർട്ടപ്പുകളുടെ സാമ്പത്തിക ആയുസ്സ് നീട്ടാൻ മാത്രമായി ബ്രിഡ്ജ് ഫണ്ടിംഗ് ഉപയോഗിക്കരുതെന്നും കൃത്യമായ ബിസിനസ്സ് ലക്ഷ്യങ്ങളുമായി അതിനെ ബന്ധിപ്പിക്കണമെന്നും മാർസ് ഗ്രോത്ത് ക്യാപിറ്റൽ സിഇഒ നവാസ് എബിൻ മുഹമ്മദ് അഭിപ്രായപ്പെട്ടു. വെഞ്ചർ ക്യാപിറ്റൽ മേഖലയിൽ നിക്ഷേപ കരാറുകളുടെ എണ്ണം കുറയുന്നുണ്ടെങ്കിലും മികച്ച വളർച്ചാ സാധ്യതയുള്ള കമ്പനികളിൽ വലിയ നിക്ഷേപങ്ങൾ നടക്കുന്നുണ്ട്. പുതിയ വിപണികളിലേക്ക് കടക്കാനും ഉപഭോക്താക്കളെ നേടാനും ബിസിനസ്സ് വിപുലീകരിക്കാനും ബ്രിഡ്ജ് ക്യാപിറ്റൽ ഉപയോഗിക്കാം. ചില സാഹചര്യങ്ങളിൽ ഇക്വിറ്റിയും കടവും സംയോജിപ്പിച്ചുള്ള രീതിയും പരിഗണിക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

ബ്രിഡ്ജ് ഫണ്ടിംഗ് പരിഗണിക്കുമ്പോൾ നിക്ഷേപകർ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് വിലയിരുത്തുന്നതെന്ന് ബിയോണ്ട് നെക്സ്റ്റ് വെഞ്ചേഴ്സ് പാർട്ണറും ഇൻവെസ്റ്റ്മെൻറ് മേധാവിയുമായ ജയ് കൃഷ്ണൻ പറഞ്ഞു: സാങ്കേതികവിദ്യയിലുള്ള വെല്ലുവിളികൾ, മുൻകാല തെറ്റുകളിൽ നിന്ന് പാഠം ഉൾക്കൊള്ളാനുള്ള സംരംഭകൻറെ കഴിവ്, വിപണി സാഹചര്യങ്ങളിലെ മാറ്റങ്ങൾ എന്നിവയാണവയെന്നും അദ്ദേഹം പറഞ്ഞു.

സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സ്റ്റാർട്ടപ്പുകൾ തങ്ങളുടെ ചെലവുകളെ അവശ്യ ചെലവുകൾ, വളർച്ചയ്ക്കുള്ള നിക്ഷേപങ്ങൾ, മാറ്റിവെക്കാവുന്ന ചെലവുകൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കണമെന്ന് മേള വെഞ്ചേഴ്സ് പാർട്ണർ വിജു ജോർജ് ചൂണ്ടിക്കാട്ടി. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് പകരം നിലവിലുള്ള ബിസിനസ്സ് മുന്നോട്ട് കൊണ്ടുപോകുന്നതിനും ഉൽപ്പന്നങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ രാജ്യത്തിന് തന്നെ മാതൃകയാണെന്ന് ഐവിക്യാപ് വെൻചേഴ്സ് മാനേജിംഗ് പാർട്ണർ വിക്രം ഗുപ്ത പറഞ്ഞു. ഹഡിൽ ഗ്ലോബൽ വേദിയിൽ കേരള മൊമെൻറ്- ഫ്രം ടാലൻറ് ടു സ്കെയിൽ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിൽ മനുഷ്യവിഭവശേഷി, പ്രവാസി നിക്ഷേപകർ, ഗവേഷണ സ്ഥാപനങ്ങൾ, സംരംഭകത്വ സാധ്യതകൾ എന്നിവയാണ് ഈ നേട്ടത്തിന് പിന്നിൽ.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലേക്ക് വൻതോതിൽ നിക്ഷേപകരും സംസ്ഥാന സർക്കാരിൻറെ പിന്തുണയോടെ പ്രവർത്തിക്കുന്ന നിരവധി സ്റ്റാർട്ടപ്പുകളും എത്തിച്ചേരുന്നുണ്ട്. ഹെൽത്ത് ടെക്, ക്ലൈമറ്റ് ടെക്, ഫുഡ് ആൻഡ് അഗ്രി, മറൈൻ, എൻറർപ്രൈസ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ കേരളത്തിന് വലിയ സാധ്യതകളാണുള്ളത്. കേരളത്തിൻറെ ഈ വളർച്ച മറ്റ് സംസ്ഥാനങ്ങൾക്ക് പ്രചോദനമാണെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയ്ക്ക് മികച്ച അക്കാദമിക് സംവിധാനമുണ്ടെങ്കിലും കൂടുതൽ ഇന്നവേറ്റീവ് ഹബ്ബുകൾ രൂപീകരിക്കേണ്ടതുണ്ട്. യു.എസ്, ചൈന, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ പ്രധാനപ്പെട്ട അക്കാദമിക് സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നിരവധി ഇന്നൊവേഷൻ ഹബ്ബുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. എഐ, കാലാവസ്ഥ, ഭക്ഷണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കേരളത്തിന് വൻതോതിൽ ഇന്നവേറ്റീവ് ഹബ്ബുകൾ സൃഷ്ടിക്കാനുള്ള അവസരങ്ങളുണ്ടെന്ന് കേരളത്തിൻറെ ഇന്നവേറ്റീവ്-സംരംഭകത്വ സാധ്യതകൾ വലുതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഹഡിൽ ഗ്ലോബൽ' വേദിയിൽ ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് പങ്കാളിത്ത വാഗ്ദാനവുമായി യൂറോപ്യൻ രാജ്യങ്ങൾ

തിരുവനന്തപുരം: ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാർ യൂറോപ്യൻ വിപണിയിലേക്ക് കടക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് വലിയ അവസരങ്ങൾ തുറന്നുനൽകുമെന്ന് 'ഹഡിൽ ഗ്ലോബൽ' സ്റ്റാർട്ടപ്പ് ഫെസ്റ്റിവലിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇറ്റലി, ഫിൻലൻഡ്, സ്വിറ്റ്സർലൻഡ്, വെയിൽസ് എന്നീ യൂറോപ്യൻ രാജ്യങ്ങളുടെ പ്രതിനിധികളാണ് ഇന്ത്യൻ കമ്പനികളുമായുള്ള സഹകരണ സാധ്യതകൾ വിശദീകരിച്ചത്. സാങ്കേതികവിദ്യ, ഗവേഷണം, മെഡിക്കൽ ടെക്നോളജി എന്നീ മേഖലകളിലാണ് പ്രധാനമായും പങ്കാളിത്തം ലക്ഷ്യമിടുന്നത്.



കെഎസ്യുഎം ഹഡിൽ ഗ്ലോബൽ പാനൽ ചർച്ചയിൽ യൂറോപ്യൻ രാജ്യങ്ങളുടെ പ്രതിനിധികൾ സംസാരിക്കുന്നു.

നെതർലൻഡ്സിലെ മുൻ ഇന്ത്യൻ അംബാസഡർ വേണു രാജാമണി സെഷനിൽ മോഡറേറ്ററായി. ഇന്ത്യയും യൂറോപ്യൻ യൂണിയനും വളരെ പെട്ടെന്ന് സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഇത് ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് വലിയ നേട്ടമാകുമെന്നും ഇറ്റാലിയൻ കോൺസൽ ജനറൽ വാൾട്ടർ ഫെറേറ പറഞ്ഞു. ഇറ്റലിയെ ഒരു വ്യവസായ ശക്തികേന്ദ്രമായി വിശേഷിപ്പിച്ച അദ്ദേഹം വിശാലമായ യൂറോപ്യൻ വിപണിയിലേക്കുള്ള കവാടമായി ഇറ്റലിയെ പ്രയോജനപ്പെടുത്താനും ഇറ്റാലിയൻ ബിസിനസുകളുമായി സഹകരിക്കാനും ഇന്ത്യൻ ടെക് കമ്പനികളെ ക്ഷണിച്ചു.

നൂതനാശയങ്ങൾക്കും സാങ്കേതികവിദ്യയ്ക്കും ഫിൻലൻഡ് നൽകുന്ന പ്രാധാന്യം എടുത്തുപറഞ്ഞ ഫിൻലൻഡ് കോൺസൽ ജനറൽ പെട്ര തെമാൻ, തങ്ങളുടെ രാജ്യത്തിൻറെ മികച്ച ജീവിതനിലവാരത്തിന് പിന്നിൽ സാങ്കേതിക മുന്നേറ്റമാണെന്ന് വ്യക്തമാക്കി. ആഗോളതലത്തിൽ വളർന്നുവരുന്ന കമ്പനിയായ നോക്കിയയെ ഉദാഹരണമായി ചൂണ്ടിക്കാട്ടിയ അവർ ഇന്ത്യൻ സംരംഭങ്ങളുമായും സ്റ്റാർട്ടപ്പുകളുമായും സഹകരിക്കാൻ ഫിൻലൻഡിന് താല്പര്യമുണ്ടെന്നും അറിയിച്ചു. ഇന്ത്യ-ഫിൻലൻഡ് ബന്ധം ശക്തിപ്പെടുത്തുന്നതിൽ വിസ പരിഷ്കാരങ്ങൾക്കപ്പുറം നൂതന പങ്കാളിത്തങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും അവർ കൂട്ടിച്ചേർത്തു.

യൂറോപ്യൻ യൂണിയൻ അംഗമല്ലെങ്കിലും സ്വിറ്റ്സർലൻഡിന് ഇതിനകം തന്നെ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാര കരാർ നിലവിലുണ്ടെന്ന് സ്വിസ് കോൺസൽ ജനറൽ ഡോ. ആഞ്ചല ഹോണഗർ ചൂണ്ടിക്കാട്ടി. ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തമായ അക്കാദമിക്-ഗവേഷണ ബന്ധങ്ങൾ എടുത്തുപറഞ്ഞ അവർ, ശാസ്ത്രം, വിദ്യാഭ്യാസം, നൂതനാശയങ്ങൾ എന്നിവയിലെ അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കുന്ന സ്വിറ്റ്സർലൻഡിൻറെ പ്ലാറ്റ്ഫോമായ 'സ്വിസ്നെക്സിനെ' കുറിച്ചും പരാമർശിച്ചു. ആശുപത്രിക



ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ശബരിമല ഫെസ്റ്റിവൽ കൺട്രോൾ റൂം നന്തൻകോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

ശബരിമല ഫെസ്റ്റിവൽ കൺട്രോൾ റൂം ആരംഭിച്ചു

മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്തു

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ശബരിമല ഫെസ്റ്റിവൽ കൺട്രോൾ റൂം നന്തൻകോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ആരംഭിച്ചു. ശബരിമല തീർഥാടന കാലം സുഗമമവും ഭക്തജന സൗഹൃദപൂർണമാക്കുന്നതിനും വിവിധ സഹായം നൽകുന്നതിനും സംശയനിവാരണത്തിനുമാണ് കൺട്രോൾ റൂം ആരംഭിക്കുന്നതെന്ന് ഉദ്ഘാടനം ചെയ്ത് ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ പറഞ്ഞു. ശബരിമല വെർച്വൽ ക്യൂ ബുക്കിംഗ്, കെഎസ്ആർടിസി ബസ് ബുക്കിംഗ്, ശബരിമലയിലെ വഴിപാടുകളുടെ ബുക്കിംഗ്, അപ്പം, അരവണ, നെയ്യഭിഷേകം എന്നിവയുടെ ടിക്കറ്റുകളും ഇവിടെ ലഭിക്കും. 0471 2720088 ആണ് കൺട്രോൾ റൂം നമ്പർ.

കെഎസ്ആർടിസി സേവനങ്ങളുടെ ഉദ്ഘാടനവും ദേവസ്വം ബോർഡ് ആസ്ഥാനത്ത് നിന്ന് പമ്പയിലേയ്ക്കുള്ള കെഎസ്ആർടിസി ബസിന്റെ ഫൽഗ് ഓഫും ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ നിർവഹിച്ചു. ശബരിമല തീർത്ഥാടനകാലം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് വലിയ ഉത്തരവാദിത്തവും പരീക്ഷയുമാണെന്ന് മന്ത്രി പറഞ്ഞു. തീർത്ഥാടന കാലയളവിൽ 461 കെഎസ്ആർടിസി ബസ്സുകൾ സർവീസ് നടത്തും. തീർഥാടകർക്കായി പ്രത്യേക ചാർട്ടേഡ് ബസ് സൗകര്യവും ഏർപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ, തിരുവനന്തപുരം മേയർ വി വി രാജേഷ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ കെ രാജു, പി ഡി സന്തോഷ്കുമാർ, കെഎസ്ആർടിസി സിഎംഡി പ്രമോജ് ശങ്കർ, വാർഡ് കൗൺസിലർ കെ ആർ ക്ലീറ്റസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി ബി ദീപ, ചീഫ് എഞ്ചിനീയർ രഞ്ജിത് കെ ശേഖർ, ദേവസ്വം കമ്മീഷണർ ബി സുനിൽകുമാർ എന്നിവർ പങ്കെടുത്തു.



ഹഡിൽ ഗ്ലോബലിൻറെ എട്ടാം പതിപ്പിൽ ഭാവിയെ രൂപപ്പെടുത്തുന്ന വനിതകൾ എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഐബിഎസ് സോഫ്റ്റ്വെയർ പ്രോഡക്ട് ഓണർ നാദിയ ബാബ സംസാരിക്കുന്നു. ഗ്ലോബൽ അലയൻസ് ഫോർ മാസ് എൻറർപ്രീനിയർഷിപ്പ് വൈസ് പ്രസിഡൻറ് പൂർണിമ മൂർത്തി, എയ്ക അഡ്വൈസേഴ്സ് ഹ്യൂമൻ റിസോഴ്സസ് മേധാവി ശ്വേത ഹരികൃഷ്ണൻ, ലക്ഷ്യ മീഡിയ ഗ്രൂപ്പ് നാഷണൽ ഹെഡും സീനിയർ വൈസ് പ്രസിഡൻറുമായ ശാലിനി ശങ്കർ എന്നിവർ സമീപം.

വനിതാ സംരംഭകരുടെ വളർച്ചയ്ക്ക് വിപണിയും പിന്തുണയും ഉറപ്പാക്കണമെന്ന് ഹഡിൽ ഗ്ലോബലിൽ വിദഗ്ധർ

തിരുവനന്തപുരം: വനിതകൾക്ക് വലിയ സ്വപ്നങ്ങൾ കാണാനും സംരംഭങ്ങൾ വളർത്താനും ആവശ്യമായ പിന്തുണയും അവസരങ്ങളും ഉറപ്പാക്കണമെന്ന് ഹഡിൽ ഗ്ലോബൽ 2026 ൽ വിദഗ്ധർ. സംരംഭങ്ങൾ വിപുലീകരിക്കുന്നതിൽ വ്യക്തിപരമായ സാഹചര്യങ്ങൾ തടസമാകരുതെന്നും അവർ പറഞ്ഞു.

കോവളം ലീല റാവിസ് ഹോട്ടലിൽ നടക്കുന്ന ഹഡിൽ ഗ്ലോബലിൻറെ എട്ടാം പതിപ്പിൽ 'ഭാവിയെ രൂപപ്പെടുത്തുന്ന വനിതകൾ: നേതൃത്വം, നവീകരണം, സ്റ്റാർട്ടപ്പ് മേഖലയിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച' എന്ന വിഷയത്തിൽ നടന്ന ചർച്ചയിലാണ് അഭിപ്രായങ്ങൾ ഉയർന്നത്.

വനിതാ സംരംഭകരുടെ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കേണ്ടത് അനിവാര്യമാണെന്നും സംരംഭകത്വത്തിൽ ആത്മവിശ്വാസം നിർണായകമാണെന്നും ഗ്ലോബൽ അലയൻസ് ഫോർ മാസ് എൻറർപ്രീനിയർഷിപ്പ് വൈസ് പ്രസിഡൻറ് പൂർണിമ മൂർത്തി പറഞ്ഞു. സാങ്കേതികവിദ്യ അടിസ്ഥാനമാക്കി കൂടുതൽ വനിതാ സംരംഭങ്ങൾ ഉയർന്നുവരണമെന്നും അവർ കൂട്ടിച്ചേർത്തു.സ്വയം നയിക്കാനുള്ള കഴിവാണ് നേതൃത്വത്തിൻറെ ആദ്യപാഠമെന്ന് ഐബിഎസ് സോഫ്റ്റ്വെയർ പ്രോഡക്ട് ഓണർ നാദിയ ബാബ പറഞ്ഞു. മുന്നിൽ നിന്ന് നയിക്കാനും തീരുമാനങ്ങളെടുക്കാനും വനിതകൾ പ്രാപ്തരാകണമെന്നും അവർ അഭിപ്രായപ്പെട്ടു.

നിയമനങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കണമെന്നും വേർതിരിവുകളില്ലാതെ എഐ സംബന്ധിച്ച അറിവ് എല്ലാവർക്കും ലഭ്യമാകണമെന്നും എയ്ക അഡ്വൈസേഴ്സ് ഹ്യൂമൻ റിസോഴ്സസ് മേധാവി ശ്വേത ഹരികൃഷ്ണൻ പറഞ്ഞു.ലക്ഷ്യ മീഡിയ ഗ്രൂപ്പ് നാഷണൽ ഹെഡും സീനിയർ വൈസ് പ്രസിഡൻറുമായ ശാലിനി ശങ്കർ ചർച്ചയിൽ മോഡറേറ്ററായിരുന്നു.സാങ്കേതികവിദ്യയുടെയും സംരംഭകത്വത്തിൻറെയും ഭാവി രൂപപ്പെടുത്തുന്നതിനായി സ്റ്റാർട്ടപ്പ് സ്ഥാപകർ, നിക്ഷേപകർ, സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹിക സംരംഭകർ, ഇന്നൊവേറ്റേഴ്സ്, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ എന്നിവർ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഹഡിൽ ഗ്ലോബൽ 2026 ൽ പങ്കെടുക്കുന്നുണ്ട്.

ഓട്ടോഡ്രൈവറെ കൊന്ന് കുഴിച്ചുമൂടി; ഒന്നാം പ്രതിക്ക് ജീവപര്യന്തം

തിരുവനന്തപുരം: ഭാര്യയുമായി ബന്ധമുണ്ടെന്ന സംശയത്തെത്തുടർന്ന് സുഹൃത്തായ ഓട്ടോറിക്ഷാ ഡ്രൈവറെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തി കുഴിച്ചുമൂടിയ കേസിൽ ഒന്നാം പ്രതിക്ക് ജീവപര്യന്തം തടവ്.

കല്ലിയൂർ പാലപ്പൂർ ചാനൽക്കര പൊറ്റവിള വീട്ടിൽ മുള്ളൻ രതീഷിനെയാണ് തിരുവനന്തപുരം ഏഴാം അഡീഷണൽ ജില്ലാ കോടതി ജഡ്ജി അനിറ്റ് ജോസഫ് ശിക്ഷിച്ചത്. ജീവപര്യന്തത്തിന് പുറമെ 1,35,000 രൂപ പിഴയും പ്രതി അടയ്ക്കണം. വെട്ടുകാട് ബാലനഗർ തൈവിളാകം വീട്ടിൽ രംഗൻ നാടാരുടെ മകൻ രതീഷ് (32) ആണ് കൊല്ലപ്പെട്ടത്.

2016 ഓഗസ്റ്റ് 28-നാണ് നാടിനെ നടുക്കിയ കൊലപാതകം നടക്കുന്നത്. മദ്യപിക്കാനായി പ്രതി തൻറെ സുഹൃത്തായ ഓട്ടോ ഡ്രൈവർ രതീഷിനെ വീട്ടിലേക്കു വിളിച്ചുവരുത്തി. കൂട്ടിന് പ്രതിയുടെ സുഹൃത്തുക്കളായ അന്യൻ ദിലീപ്, പട്ടാച്ചി കുട്ടപ്പൻ എന്നിവരുമുണ്ടായിരുന്നു. മദ്യപാനത്തിനിടെ രതീഷുമായി വാക്കുതർക്കമുണ്ടാവുകയും പ്രകോപിതരായ മൂവരും ചേർന്ന് സ്റ്റീൽ വളയും മറ്റും ഉപയോഗിച്ച് രതീഷിനെ ക്രൂരമായി മർദിക്കുകയുമായിരുന്നു. കൊലപ്പെടുത്തിയ ശേഷം മൃതദേഹം സമീപത്തെ കാടുപിടിച്ചുകിടന്നിരുന്ന പുരയിടത്തിൽ കുഴിച്ചിട്ടു.

കൊലപാതകത്തിനു ശേഷം തെളിവ് നശിപ്പിക്കുന്നതിൻറെ ഭാഗമായി രാത്രി തന്നെ പ്രതികൾ രതീഷിൻറെ ഓട്ടോറിക്ഷ നശിപ്പിച്ചു. തുടർന്ന് പൂങ്കുളത്തുള്ള ഒരു വർക്ക്ഷോപ്പിൽ ഉപേക്ഷിച്ചു.

രതീഷിനെ കാണാനില്ലെന്ന ബന്ധുക്കളുടെ പരാതിയിൽ വലിയതുറ പൊലിസ് അന്വേഷണം ആരംഭിച്ചെങ്കിലും ആദ്യഘട്ടത്തിൽ തുമ്പൊന്നും ലഭിച്ചിരുന്നില്ല.

രണ്ട് മാസത്തിന് ശേഷം കേടുവരുത്തിയ നിലയിൽ ഓട്ടോറിക്ഷ വർക്ക് ഷോപ്പിൽ നിന്ന് കണ്ടെത്തിയതാണ് കേസിൽ നിർണായക വഴിത്തിരിവായത്.

തുടർന്ന് പൊലിസ് നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിലാണ് പുരയിടത്തിൽ കുഴിച്ചിട്ട നിലയിൽ രതീഷിൻറെ ജീർണിച്ച മൃതദേഹം കണ്ടെത്തുന്നത്.

പൂന്തുറ സിഐ ആയിരുന്ന കെ. ബി. മനോജ് കുമാറാണ് കേസ് അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് 22 സാക്ഷികളെ വിസ്തരിക്കുകയും 44 രേഖകളും ഏഴ് തൊണ്ടിമുതലുകളും ഹാജരാക്കുകയും ചെയ്തു. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ കെ. വേണി കോടതിയിൽ ഹാജരായി.

കേസിലെ രണ്ടും മൂന്നും പ്രതികളായ അന്യൻ ദിലീപ്, പട്ടാച്ചി കുട്ടപ്പൻ എന്നിവർ വിചാരണയ്ക്ക് മുൻപേ ഒളിവിൽ പോയിരിക്കുകയാണ്. ഇവർക്കായുള്ള അന്വേഷണം തുടരുന്നു.

കടബാധ്യത: സെക്രട്ടേറിയറ്റിനു മുന്നിൽ വയോധികൻറെ ആത്മഹത്യാശ്രമം

തിരുവനന്തപുരം: സെക്രട്ടേറിയറ്റിന് മുന്നിൽ വയോധികൻറെ ആത്മഹത്യാശ്രമം. കാട്ടായിക്കോണം സ്വദേശിയായ സുബ്രഹ്മണ്യനാണ് (76) സ്റ്റാച്യുവിലെ ബസ് സ്റ്റോപ്പിന് സമീപം ദേഹത്ത് പെട്രോളൊഴിച്ച് സ്വയം ജീവനൊടുക്കാൻ ശ്രമിച്ചത്. പെട്രോൾ ഒഴിച്ച് ലൈറ്റർ കത്തിക്കാൻ ശ്രമിക്കവെ സമീപത്തുണ്ടായിരുന്ന കാൽനടയാത്രക്കാരിയായ സ്ത്രീയും മറ്റുള്ളവരും ചേർന്ന് ഇയാളെ തടയുകയായിരുന്നു. തുടർന്ന് പൊലിസും നാട്ടുകാരും ഇടപെട്ട് ലൈറ്റർ പിടിച്ചുവാങ്ങി വയോധികനെ രക്ഷപ്പെടുത്തി. ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട കടബാധ്യതകളാണ് ആത്മഹത്യാശ്രമത്തിന് പിന്നിലെന്ന് കൻറോൺമെൻറ് പൊലിസ് അറിയിച്ചു. വായ്പ എടുക്കാനായി രേഖകൾ വാങ്ങിയ ശേഷം സമീപവാസി തൻറെ ഭൂമി തട്ടിയെടുത്തതായി ഇദ്ദേഹം ആരോപിക്കുന്നു. ഒരു ലക്ഷം രൂപയ്ക്കായി നൽകിയ വായ്പ നിലവിൽ 12 ലക്ഷം രൂപയായി എന്നാണ് ഇദ്ദേഹം പറയുന്നത്. കാട്ടായിക്കോണം വാർഡിൽ മങ്ങാട്ടുകോണത്ത് 20 വർഷമായി താമസിക്കുന്ന തമിഴ് വംശജനാണ് സുബ്രഹ്മണ്യൻ.

പള്ളികൾക്കും ക്രൈസ്തവർക്കും നേരെയുള്ള ആക്രമണം അവസാനിപ്പിക്കണം: കത്തോലിക്ക കോൺഗ്രസ്

തിരുവനന്തപുരം: ബിജെപി അധികാരത്തിൽ വന്നതു മുതൽ പള്ളികൾക്കും ക്രൈസ്തവർക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കും നേരേ പശ്ചിമബംഗാളിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങൾ ഉടൻ അവസാനിപ്പിക്കുകയും കുറ്റവാളികളെ ജയിലിൽ അടയ്ക്കുകയും ചെയ്യണമെന്ന് തിരുവനന്തപുരത്തു ചേർന്ന കത്തോലിക്ക കോൺഗ്രസ് നേതൃയോഗം ആവശ്യപ്പെട്ടു. സ്വന്തം മതവിശ്വാസം പ്രഖ്യാപിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും ഇൻഡ്യൻ ഭരണഘടന ഒരു ഭാരതീയനു നൽകുന്ന അവകാശത്തിനു മേൽ ആരോപിക്കപ്പെടുന്ന നിർബന്ധിത മതപരിവർത്തനമെന്ന അക്രമകാരികളുടെ പൊള്ളയായ ഭീഷണിയെ യോഗം ശക്തമായി അപലപിച്ചു. കഴിഞ്ഞ ദിവസം 24 പർഗാന ജില്ലയിലെ ഖാരി ബമുനേർചക് ഗ്രാമത്തിൽ പരിശുദ്ധ കന്യാമാതാവിൻറെ തിരുസ്വരൂപം അടിച്ചു തകർത്ത തുൾപ്പെടെ കഴിഞ്ഞ അഞ്ചു മാസങ്ങൾക്കിടെ ക്രൈസ്തവർക്കെതിരെ നടന്ന 48 സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും ഭാവിയിൽ ആക്രമങ്ങൾ തടയുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും പശ്ചിമ ബംഗാൾ സർക്കാർ അടിയന്തിരമായി മുന്നോട്ടു വരണമെന്ന് യോഗം ആവശ്യപ്പെട്ടു. ഫൊറോന പ്രസിഡൻറ് വിത്സൻ വി സി യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചങ്ങനാശേരി അതിരൂപത വികാർ ജനറൽ റവ. ഡോ ജോൺ തെക്കേക്കര, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, ഡയറക്ടർ ഫാ.മാത്യു അഞ്ചിൽ, അതിരൂപത സെക്രട്ടറി എൻ. എ ഔസേപ്പ്, ജനറൽ സെക്രട്ടറി ജിനോദ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിൽ ഇന്നു കൊടിയേറ്റ്

തിരുവനന്തപുരം: പ്രശസ്ത തീർഥാടന കേന്ദ്രമായ വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് ഇന്നു കൊടിയേറും. ഇന്നു വൈകുന്നേരം 4.30ന് ആരംഭിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് മുഖ്യ കാർമികത്വം വഹിക്കും. തുടർന്ന് ഇടവക വികാരി ഫാ. ഷാജു വില്യം തിരുനാൾ കൊടിയേറ്റും. നാളെ രാവിലെ 5.30ന് ദിവ്യകാരുണ്യ ആരാധനയും ആറിന് ദിവ്യബലിയും. രാവിലെ 11ന് ദിവ്യബലി. ഉച്ചകഴിഞ്ഞ് നാലിന് ഇറ്റാലിയനിലുള്ള ദിവ്യബലി. വൈകുന്നേരം 5.30ന് ആരംഭിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക് ബിഷപ്പ് എമിരറ്റസ് ഡോ. വിൻസൻറ് സാമുവൽ മുഖ്യ കാർമികനായിരിക്കും. രാത്രി എട്ടിന് ദിവ്യബലി. തുടർന്ന് ഫാ. റോസ് ബാബു വചന പ്രഘോഷണം നടത്തും.

ഇന്നു മുതൽ 22 വരെ ഗതാഗത നിയന്ത്രണം

വലിയതുറ: വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷണം ഉണ്ടായിരിക്കുന്നതിനാൽ ശംഖുംമുഖം-കണ്ണാന്തുറ-കൊച്ചുവേളി റോഡിൽ ഇന്നു മുതൽ 22 വരെ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ശംഖുംമുഖം-കൊച്ചുവേളി റോഡിലും വെട്ടുകാട് സെൻറ് സെബാസ്റ്റ്യൻ ചർച്ച് റോഡ്, ബാലനഗർ റോഡ്, വെട്ടുകാട് എൽ. പി. സ്കൂൾ റോഡ് എന്നീ റോഡുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളതല്ല. ഗതാഗത ക്രമീകരണങ്ങളുടെ വിവരങ്ങൾ അറിയുന്നതിലേക്ക് 0471-2558731,9497990005 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഇന്ന് ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി

തിരുവനന്തപുരം: വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ മഹോത്സവത്തോടനുബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ കെ. എസ്. അഞ്ജു ഉത്തരവിറക്കി. തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫിസുകൾക്കുമാണ് അവധി പ്രഖ്യാപിച്ചിട്ടുള്ളത്. മുൻപ് നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കാട്ടാക്കട താലൂക്കിൽ ഉൾപ്പെടുന്നതുമായ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട്, ഒറ്റശേഖരമംഗലം, കീഴാറൂർ, കുളത്തുമ്മൽ, മാറനല്ലൂർ, മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ എന്നീ വില്ലേജ് പരിധികളിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫിസുകൾക്കും അവധി ബാധകമാണ്. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

കാറും സ്കൂട്ടറും കൂട്ടിയിടിച്ച് യുവാവും മാതൃസഹോദരിയും മരിച്ചു

പോത്തൻകോട്: കാറും സ്കൂട്ടറും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രക്കാരായ യുവാവും മാതൃസഹോദരിയും മരിച്ചു. നെടുമങ്ങാട് പനവൂർ കൊല്ല കൊളപ്പുള്ളി ഹരിഭവനിൽ പരേതനായ പുഷ്പാംഗദൻറെയും സരസ്വതിയുടെയും മകൻ പി. ഹരികുമാർ (40), മാതൃസഹോദരിയും കൊളപ്പുള്ളി വി. വിഭവനിൽ രവീന്ദ്രൻനായരുടെ ഭാര്യയുമായ കെ. ശോഭന കുമാരി (60) എന്നിവർ ആണ് മരിച്ചത്.

ഇന്നലെ വൈകിട്ട് 3ന് പോത്തൻകോട് -മേലേമുക്ക് റോഡിൽ മിഷൻ ആശുപത്രിക്കു മുൻപിൽ ആയിരുന്നു അപകടം. പോത്തൻകോട് നിന്നും നെടുമങ്ങാട്ടേക്ക് പോകുകയായിരുന്നു ഇരുവരും. മേലേമുക്കിൽ എത്തിയതും മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടയിൽ സ്കൂട്ടർ നിയന്ത്രണംവിട്ട് എതിരെ വന്ന കാറിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

ഇരുവരേയും മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. സ്വകാര്യ സ്ഥാപനത്തിലെ സുരക്ഷാ ജീവനക്കാരൻ ആണ് ഹരികുമാർ. ആശ ആണ് ഹരികുമാറിൻറെ ഭാര്യ. ഹരിപ്രിയ, ആദിത്യൻ എന്നിവർ മക്കളാണ്. വിഷ്ണു കുമാർ, ആർ. എസ്. വിപിൻ എന്നിവർ ആണ് ശോഭനകുമാരിയുടെ മക്കൾ.

മാൻഹോളിൽ ഭ്രൂണം കണ്ടെത്തിയ സംഭവം: പൊലിസ് അന്വേഷണം തുടങ്ങി

ഉള്ളൂർ: തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിക്ക് സമീപം മാൻഹോളിൽ ഭ്രൂണം കണ്ടെത്തിയ സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചു. ഏകദേശം അഞ്ച് മാസത്തിനും ഏഴുമാസത്തിനും ഇടയിൽ പ്രായം വരുന്ന ഭ്രൂണമാണ് കണ്ടെത്തിയത് എന്നാണ് പൊലിസിൻറെ പ്രാഥമിക നിഗമനം.

ആശുപത്രിയിലെ രണ്ടാം വാർഡിന് സമീപത്തെ മാൻഹോളിൽ നിന്നാണ് കഴിഞ്ഞദിവസം ശുചീകരണ തൊഴിലാളികൾ ഭ്രൂണം കണ്ടെത്തിയത് ഉടൻതന്നെ പൊലിസിലും മെഡിക്കൽ കോളജ് ആശുപത്രിയിലും വിവരം ധരിപ്പിക്കുകയായിരുന്നു. തിരുവനന്തപുരം എസ് എ ടി ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തിയ ആരെങ്കിലുമാണോ ഭ്രൂണം ഉപേക്ഷിച്ചത് എന്നുള്ള സംശയത്തിലാണ് ഇപ്പോൾ അധികൃതർ. വളർച്ചയെത്താത്ത ഭ്രൂണം ഉപേക്ഷിച്ച സംഭവത്തിൽ മെഡിക്കൽ കോളജ് പൊലിസ് ഊർജിതമായ അന്വേഷണം ആരംഭിച്ചു. നിലവിൽ ഭ്രൂണം മെഡിക്കൽ കോളജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.